ദാരിദ്ര്യം എന്നാൽ ആവശ്യഘടകങ്ങളായ ഭക്ഷണം, പാർപ്പിടം, കുടിവെള്ളം ശുചിത്വ സൗകര്യം തൊഴിൽ എന്നിവയുടെ ഇല്ലായ്മയണ്. ദാരിദ്യം ലഘൂകരിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടാണ് സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുവാൻ ഗവൺമെന്റ് നിർദ്ദേശിക്കുന്നത്.

14-ാം പഞ്ചവത്സര കാലയളവിൽ ദാരിദ്ര്യനിർമാർജ്ജനത്തിനായി പി. എം. എ. വൈ., ലൈഫ്, ആവാസ് പ്ലസ് എന്നീ ഭവന നിർമ്മാണ പദ്ധതികളും മറ്റു കുടിവെള്ള പദ്ധതികളും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ശുചിത്വ മിഷന്റെ ഭാഗമായി എല്ലാവീടുകളിലും ശൗചാലയം എന്ന ലക്ഷ്യം മുന്നിൽ കൊണ്ട് ഓ ഡി എഫ് പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് അതിർത്തിയിലെ വീടുകളിൽ കിണർ റീ ചാർജ്ജിംഗ് നടത്തിയും ബി പി എൽ കുടുംബ ങ്ങൾക്ക് പുതിയ കിണർ നിർമ്മിച്ച് കൊടുത്തും കുടിവെള്ള ക്ഷാമം പരിഹരി ക്കാവുന്നതാണ്.

ബ്ലോക്ക് പരിധിയിലുള്ള അതി ദരിദ്രർക്ക്, അനുയോജ്യമായ മൈക്രോ പ്ലാൻ തയ്യാറാക്കി അതി ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനും പതിനാലാം പദ്ധതി ലക്ഷ്യ മിടുന്നു

## 5. കുടിവെള്ളം, ശുചിത്വം

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും തീരദേശ മായതിനാൽ നിലവിലുള്ള ജലാശയങ്ങളിൽ ഉപ്പുവെള്ളം നിറയുന്നതുമൂലം കുടിവെള്ള ത്തിനോ കൃഷി ആവശ്യത്തിനോ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. മഴവെള്ള സംഭരണികൾ സ്ഥാപിച്ചും, മഴക്കുഴി, കുളം പുതിയ കിണറുകൾ എന്നിവ നിർമ്മിച്ചും പരമ്പരാഗത ജലസ്രോതസ്സുകൾ പൊതുകുളങ്ങൾ എന്നിവ നിർമ്മിച്ചും ഈ പ്രശ്നം

പരിഹരിക്കാവുന്നതാണ്. ശുദ്ധജല വിതരണം ലഭ്യമാക്കുന്നതിനായി ബ്ലോക്ക് പരിധി യിലെ എല്ലാ പൊതുസ്ഥാപങ്ങളിലും കിയോസ്ക്കുകൾ സ്ഥാപിക്കുക.

## 6. പട്ടികജാതി വികസനം

പട്ടികജാതി വിഭാഗം ജനങ്ങൾ അനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങൾ, തൊഴിലില്ലായ്മ, കുടിവെള്ളത്തിന്റെ അപര്യാപ്തത, താമസയോഗ്യമായ ഭവനമില്ലായ്മ, കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായ്മ, സാമ്പത്തിക പിന്നോക്കാവസ്ഥ എന്നിവയാണ്. മുൻ പഞ്ചവത്സര പദ്ധതികളിലെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ ജീവിതനിലവാരം തൃപ്തികരമായ അവസ്ഥയിലേക്ക് ഓർക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ പതിനാലാം പഞ്ചവത്സരപദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നു

1. ബ്ലോക്ക് പരിധിയിലുള്ള പ്രളയബാധിത പ്രദേശങ്ങളിലെ തകർന്നുപോയ പട്ടികജാതി ഭവനങ്ങൾ കണ്ടെത്തി പ്രസ്തുത വീടുകളുടെ അറ്റകുറ്റപ്പണി നടത്തുക
2. ഭൂമി വാങ്ങൽ ധനസഹായം ‘5' ലക്ഷമായി ഉയർത്തുക
3. ഭവന നിർമ്മാണ സഹായം ‘4' ലക്ഷത്തിൽ നിന്നും ‘6 ലക്ഷമാക്കി ഉയർത്തുക.
4. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി യുവജനങ്ങൾക്ക് പരിശീലനം നൽകി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.
6. വിവാഹധനസഹായം, ചികിത്സാ ധനസഹായം ......തുക വർദ്ധിപ്പിക്കുക.

## 7. വനിത വികസനം

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ സ്ത്രീ സുരക്ഷ, സ്ത്രീ ശാക്തീകരണം, ആരോഗ്യം, തൊഴിൽ ലഭ്യത, സാമ്പത്തികഭദ്രത തുടങ്ങിയ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതികൾ നടപ്പിലാക്കിയിരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വനിതാ വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.

1. ബ്ലോക്ക് പരിധിയിലുള്ള എല്ലാ കുടുംബശ്രീകളെയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക.
2. വനിത ഗ്രൂപ്പുകൾ സജ്ജമാക്കി നഴ്സറികൾ (പച്ചക്കറി തൈ), ഗ്രോ ബാഗ് ഫില്ലിംഗ്, നോട്ട് ബുക്ക് ബൈൻഡിങ്, മാസ്ക് - സാനിറ്ററി പാഡ് നിർമ്മാണ യൂണിറ്റ്, പച്ചതേങ്ങ സംസ്കരണ യൂണിറ്റ് തുടങ്ങിയ മേഖലകളിലെ പരിശീലനവും സംരംഭങ്ങളും സ്ഥാപിക്കുക.
3. സ്ത്രീകൾക്ക് മാത്രമായി ഒരു ഷെൽട്ടർ ഹോം നിർമ്മിക്കുക, ടോയ്‌ലറ്റ് സൗകര്യം ഏർപ്പെടുത്തുക.
4. ചെമ്മാപ്പിള്ളി കയർ സംഘത്തിലെ വേയ്സ്റ്റ് ഉപയോഗിച്ച് ഉപഉൽപ്പന്നം നിർമ്മിക്കുക.

## 8. പ്രാദേശിക സാമ്പത്തിക വികസനം

ബ്ലോക്ക് പരിധിയിൽ വ്യാവസായിക ആവശ്യങ്ങൾക്ക് സ്ഥലം ലഭ്യത കുറവ് വിവിധതരം ലൈസൻസുകൾ തരപ്പെടുത്തുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ബാങ്ക് ലോൺ ലഭിക്കുന്നതിനുള്ള കാലതാമസം, സംരംഭകത്വം നൈപുണ്യത്തിന്റെ അഭാവം

എന്നിവ പുതിയ സംരംഭങ്ങൽ തുടങ്ങുവാനും വിജയിപ്പിച്ചെടുക്കാനും തടസ്സമായി കാണുന്നു.

ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബ്ലോക്ക് വ്യവസായ ഓഫീസ് മുഖേനലഭ്യമാക്കുന്നവിവിധ ഹാൻഡ് ഹോൾഡിംഗ് സർവ്വീസ് വഴി കഴിഞ്ഞ ഒരു വർഷത്തിൽ 6000 പരം ചെറുകിട വ്യവസായിക സംരംഭങ്ങൾ ആരംഭിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുവാൻ കഴിഞ്ഞിട്ടുണ്ട്.

14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ബ്ലോക്ക് പരിധിയിൽ ലഭ്യമാകുന്ന പ്രാദേശിക കാർഷികവിഭവങ്ങളും മറ്റും അസംസ്കൃത വസ്തുക്കളും നാളികേരം, നെല്ല്, പാള മുതലായവ നൂതന സാങ്കേതിക വിദ്യകളും ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കി മാറ്റുന്നതിനും അതിലൂടെ സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പി ക്കുന്നതിനും ലക്ഷ്യമിടുന്നു. കൂടാതെ പരമ്പരാഗത കൈതൊഴിലു കളായ ഈറ്റ, മുള, വൈക്കോൽ. തഴപായ, കയർ എന്നിവ പ്രോത്സാഹിപ്പിക്കുക, ബ്ലോക്ക് പരിധിയിലെ "5' പഞ്ചായത്തുകളിലെ ചെറുകിട കുടുംബശ്രീ യൂണിറ്റു കൾക്ക് ധനസഹായം നൽക്കുക.

## <u>9. പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)</u>

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനത്തിൽ പശ്ചാത്തല മേഖലയുടെ പങ്ക് വളരെ പ്രധാനമാണ്. കാർഷിക വ്യവസായിക സേവനമേഖലകളുടെ വികസന ത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഉൾനാടൻ പ്രദേശങ്ങളിൽ ജനങ്ങൾ വീട് വെച്ച് താമസം ആരംഭിച്ചതോടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന തിന്റെ ഭാഗമായി കൂടുതൽ റോഡുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിച്ചിട്ടുണ്ട്. അശാസ്ത്രീയ രീതിയിലുള്ള മണ്ണെടുപ്പ്, നിലങ്ങളുടെ നികത്തൽ എന്നിവ മൂലം റോഡുകൾ വെള്ളകെട്ടിലാവുകയും റോഡിന്റെ സൈഡ് തകർന്നു പോകുകയും ചെയ്തിട്ടുണ്ട്. ഇത് വലിയ റോഡപകടങ്ങൾക്ക് കാരണമാകുന്നു. കൂടാതെ ആഗോള താപനത്തിന്റെ ഭാഗമായി അസമയത്തുള്ള അധിവർഷം, ന്യൂനമർദ്ദം എന്നീ കാലാവസ്ഥാ വ്യതിയാനങ്ങളും പശ്ചാത്തല മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വെള്ള പ്പൊക്കവും, മണ്ണൊലിപ്പും, റോഡു കളുടേയും കാനകളുടേയും കലുങ്കുകളുടെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. പലയിടങ്ങളിലും വെള്ളക്കെട്ടുകൾ സാധാരണമായിരിക്കുകയാണ്.

പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വെള്ളക്കെട്ടുകൾ ഒഴിവാക്കുന്നതി നായി പുതിയ കാനകൾ നിർമ്മിക്കുന്നതിനും, തകർന്നടിഞ്ഞ റോഡുകളും, കൾവർട്ടുകളും പുനരുദ്ധരിക്കുന്നതിനും പദ്ധതികൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ വെള്ള ക്കെട്ടുകൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ കോൺക്രീറ്റ് ഇന്റർലോക്ക് കട്ടകൾ വിരിക്കു ന്നതിനും ഫണ്ട് വകയിരുത്താവുന്നതാണ്. ശുദ്ധജലം ലഭ്യമക്കുന്നതിന്റെ ഭാഗമായി താൽക്കലിക പുളിക്കെട്ടുകൾക്ക് പകരമായി സ്ഥിരം സംവിധാനം ഏർപ്പെടു ത്തുന്നതിനും ലക്ഷ്യമിടുന്നു. വിട്ടുകിട്ടിയ സ്ഥാപനങ്ങൾ, അംഗൻവാടികൾ, വൃദ്ധസദനം തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

## <u>10. വിദ്യാഭ്യാസം കലാ-സംസ്കാരം-യുവജനക്ഷേമം</u>

ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ മറ്റ് രണ്ട് സംവിധാനങ്ങളിൽ നിന്നും വ്യത്യസ്ഥ മായി ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരപരിധിയിൽ സ്കൂളുകളോ കോളേജുകളോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളോ വരുന്നില്ല ആയതുകൊണ്ട് ഈ മേഖലയുടെ വികസനത്തിന് ബ്ലോക്ക് പഞ്ചായത്തിന് കാര്യമായ പങ്ക് വഹിക്കുവാൻ സാധിക്കുന്നില്ല.

കലാസാംസ്കാരിക രംഗത്ത് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള കുട്ടികൾ ക്കും, യുവജനങ്ങൾക്കും ചിത്രകല, പെയിന്റിംഗ്, നൃത്തം, സംഗീതം എന്നിവയിൽ പരിശീലനം വജ്ര ജൂബിലി കലോത്സവത്തിന് തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ വർഷാവർഷം കേരളോത്സവം നാടത്തിവരുന്നു.

കലാസാംസ്കാരിക മേഖലകളിലെ അർഹരായവരെ കണ്ടെത്തി പ്രസ്തുത കലാരൂപങ്ങളെ പുനർജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിനുവേണ്ടി യുവ ജനങ്ങളുടെ കലാകായിക വികസനത്തിനായി ബ്ലോക്ക് തലത്തിൽ എല്ലാ വർഷവും കേരളോത്സവം നടത്തിവരുന്നു.

സ്മാർട്ട് ഫോണുകളുടെയും മറ്റു മാധ്യമങ്ങളുടേയും അതിപ്രസരം മൂലം പുതിയ തലമുറയിൽ അന്യം വന്നു പോയ ഒന്നാണ് വായനാശീലം. കുട്ടികളിലും യുവജന ങ്ങളിലും വായനാശീലം വളർത്തിയെടുക്കുന്നതിന് വായനശാലകളെ പുനരുദ്ധരിക്കേ ണ്ടത് വളരെ അത്യാവശ്യമാണ്. കുട്ടികളെ ഈ രംഗത്തേക്ക് ആകർഷിക്കുന്ന രീതി യിലുള്ള കലാ-സാഹിത്യ മത്സരങ്ങൾ, സംഘടിപ്പി ക്കേണ്ടതിനാവശ്യമായ സൗകര്യ ങ്ങളും ധനസഹായം നൽകുക, വായനശാലകളി ലേക്ക് ബാലസാഹിത്യ കൃതികളും, മറ്റു ശാസ്ത്ര-സാഹിത്യ പുസ്തകങ്ങളും വാങ്ങി നൽകുക, അഫിലിയേഷൻ ഉള്ള വായനശാലകൾക്ക് കെട്ടിടങ്ങളും മറ്റും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുക, വിജ്ഞാനോത്സവം, കേരളോത്സവം നടത്തുക, രജിസ്ട്രേഡ് ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം. സാക്ഷരതാ പ്രേരക്മാരുടെ സബ്സെന്ററുകളുടെ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ തുടങ്ങിയ പദ്ധതികൾക്ക് മുൻഗണന നൽകുവാൻ പതിനാലാം പദ്ധതി ലക്ഷ്യമിടുന്നു.

എസ്.സി. പഠിതാക്കൾക്ക് പഠനമുറിക്കായി 2 ലക്ഷം രൂപ വീതം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 10 കുട്ടികൾക്കായി 2000000/- രൂപ വകയിരുത്തി യിട്ടുള്ളതാണ്.

## 11. പൊതുഭരണം

ത്രിതല പഞ്ചായത്ത് വ്യവസ്ഥയിൽ മറ്റ് തദ്ദേശസ്വയം സ്ഥാപനങ്ങളെ അപേക്ഷിച്ച് വരുമാനവും അധികാരവും വളരെ കുറവാണ്. എങ്കിലും ലഭ്യമാകുന്ന ഫണ്ടും അധികാര ങ്ങളും ഉപയോഗപ്പെടുത്തി സദ്ഭരണം കാഴ്ചവെക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ വിജയകരമായി നിറവേറ്റു ന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖ്യമായ പങ്കുവഹിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്ത് സംവിധാനത്തിലെ നട്ടെല്ലായ വിട്ടുകിട്ടിയ സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് പരിധിയി ലുള്ള വിവിധ ഇടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ബ്ലോക്ക് പഞ്ചായത്ത് സംവിധാനം ഒരു കുട കീഴിൽ കൊണ്ടുവരുന്നതിനാവശ്യ മായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലായെന്നത് ബ്ലോക്ക് പഞ്ചായത്ത് നേരിടുന്ന മുഖ്യ വെല്ലുവിളിയാണ്. ഇതിനോടൊപ്പം തന്നെ പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിന് സൗകര്യപ്രദമായ കമ്മ്യൂണിറ്റി ഹാൾ ഇല്ലായെന്നതും, ബ്ലോക്ക് ഓഫീസിന്റെ അധീനതയിലുള്ള കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതി നാവശ്യമായ ഷെഡ്ഡിന്റെ അഭാവം വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഇല്ലായെന്നതും ബ്ലോക്ക് പഞ്ചായത്ത് നേരിടുന്ന മറ്റു പ്രശ്നങ്ങളാണ്. ഈ സാഹചര്യം കണക്കിലെടുത്ത് പതിനാലാം പഞ്ചവത്സര പദ്ധതി യിൽ താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാനുള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ലക്ഷ്യമിടുന്നു.

1. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം
2. വനിത വ്യവസായ പരിശീലന കേന്ദ്രം
3. ഗ്രീൻ ആർമി പുന:സംഘടിപ്പിക്കണം

4. കാർഷിക ഉപകരണങ്ങൾ സൂക്ഷിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഷെൽറ്റർ നിർമ്മാണം. ഉപകരണങ്ങളുടെ ചുമതല ഉദ്യോഗസ്ഥനെ ഏൽപ്പിക്കണം.
5. ബ്ലോക്ക് പഞ്ചായത്തുകളുടെ സംവിധാനം ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതി നായി പൊതുമരാമത്ത് ആർക്കിടെക്റ്റിനെ കൊണ്ട് വന്ന് പൊളിക്കുവാൻ പറ്റിയ കെട്ടിട ങ്ങൾ തീരുമാനിച്ച് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി നല്ല പ്ലാൻ ഉണ്ടാക്കി കെട്ടിടം നിർമ്മിക്കണം.
6. മാലിന്യസംസ്കരണ പ്ലാന്റ് ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കണം.
7. വിട്ടുകിട്ടിയ സ്ഥാപനങ്ങളെ ജനസൗഹൃദ സ്ഥാപനങ്ങളാക്കി മാറ്റണം.
8. ഡയ്പ്പർ ഡിസ്റ്റ്രോയർ യൂണിറ്റ് സ്ഥാപിക്കൽ

## 12. സാമൂഹികനീതി

വയോജനങ്ങൾ, ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗത്തിൽപ്പെടുന്നവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലൂടെ മാത്രമേ സാമൂഹ്യ നീതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. വനിതകളും, ശിശുക്കളും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരും പലയിടങ്ങളിലും ചൂഷണങ്ങൾക്കും, പീഡനങ്ങൾക്കും വിധേയ മായിക്കൊണ്ടിരിക്കുന്ന അവസ്ഥയാണ് നാം കാണുന്നത്. ഇതിനു പുറകെ ഇതിനുപുറമേ ഹൈസ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾ മയക്കു മരുന്നിന് അടിമപ്പെട്ടു കൊണ്ടിരിക്കുകയാണ്. കൂടാതെ മാനസികവും ശാരീരികവുമായ വളർച്ചക്ക് സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി മാറ്റേണ്ടതും വളരെ അത്യാവശ്യമാണ്.

ആയതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സരപദ്ധതിയിൽ മയക്കുമരുന്നിന് അടിമ പ്പെട്ട കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകളും കൗൺസിലിംഗ് നടത്തുന്നതിനു പദ്ധതികൾ ഏറ്റെടു ക്കാവുന്നതാണ്. ബഡ്സ് സ്കൂളിലെ കുട്ടികൾക്കും അമ്മമാർക്കും അവരുടെ കഴിവുകൾ അനുസരിച്ച് തൊഴിൽ പരിശീലനം നൽകുക, അതിനൊടൊപ്പം ബഡ്സ് സ്കൂൾ, അംഗൻവാടികൾക്ക് ടി. വി., എ. സി. എന്നിവ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു.

## 13. ജൈവ വൈവിധ്യം, കാലവസ്ഥാവ്യതിയാനം, ദുരന്ത നിവാരണം

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൊണ്ടും സവിശേഷമായ കാലാവസ്ഥ കൊണ്ടും ജനസാന്ദ്രത കൊണ്ടും പ്രത്യേകതകൾ ഏറെയുള്ള ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ സംസ്ഥാനം ഇതേ കാരണങ്ങൾ കൊണ്ടുതന്നെ ദുരിത ങ്ങളുടെ കാര്യത്തിൽ ഒരു ബഹുവിധ അപകട മേഖലയായി നിലകൊള്ളുന്നു. തീരപ്രദേശ ങ്ങളിൽ കടലാക്രമണത്തിനും ചൂഴലികാറ്റിനും, സുനാമിയ്ക്കും സാധ്യതയുണ്ട്. മല യോരമേഖല കളിൽ ഉരുൾപൊട്ടൽ സാധ്യതയും കൂടതലാണ്. സമതല പ്രദേശങ്ങ ളിൽ വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്നു.

പ്രകൃതിജന്യമായ ദുരന്തങ്ങളും മനുഷ്യപ്രേരിതമായുണ്ടാക്കുന്ന ദുരന്തങ്ങളും വേണ്ടത്ര മുൻകരുതലുകൾ കൈകൊണ്ടാൽ, ഒരുപരിധിവരെ ആഘാതത്തെ ഒരു പരിധിവരെ അപകട സാധ്യതയും ആഘാതവും കുറയ്ക്കാവുന്നതാണ്. സുസ്ഥിര പ്രകൃതി സൗഹൃദ ആസൂത്രണവും ജീവിത രീതിയും വഴി ദുരന്തങ്ങളെ ശരിയായി മനസ്സിലാക്കുന്ന ഒരു ജനസമൂഹത്തെ സൃഷ്ടി ക്കുന്നതിനും ദുരന്തത്തിൽപ്പെട്ടവരെ പൂർവ്വസ്ഥിതിയിലേക്ക് എത്തിക്കുന്നതിനുമായി ഒരു ദുരന്ത നിവാരണ സേന രൂപീ കരിക്കുന്നതിനും, ദുരന്തമേഖലകളിൽ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനു

മായി പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. താഴെ പറയുന്ന പദ്ധതികൾ പതി നാലാം പദ്ധതിയിൽ ആവഷ്കരിക്കുന്നതിനായി ലക്ഷ്യമിടുന്നു.

1. പരമ്പരാഗത തോടുകളും നീർച്ചാലുകളും പുനരുജ്ജീവിപ്പിക്കുക. ജല ആഗമന നിർഗ്ഗമന പാതകൾ തടസ്സപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് വൃത്തിയാക്കി പൂർവ്വസ്ഥിതിയിലാക്കുക.
2. മഴവെള്ളം ഒഴുകാതെ ഭൂമിയിലേക്ക് താഴ്ന്നതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഭൂവുടമകളെ ബോധവൽക്കരിക്കുക (മഴക്കുഴി)
3. ജൈവവൈവിധ്യം നിലനിർത്തുന്നതിന് കണ്ടൽക്കാടുകൾ വെച്ച് പിടിപ്പിക്കുന്നതിനു വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
4. കാവ് സംരക്ഷണം - ജൈവവൈവിധ്യത്തിന്റെ ഭാഗമായി പലതരത്തിലുള്ള വൃക്ഷലതാദികൾ വെച്ച്പിടിപ്പിച്ച് ചെറുകാടുകളാക്കി മാറ്റുക.
5. മിയാവാക്കി വനം - ഓരോ പഞ്ചായത്തിലും ഒന്നുവീതം നിർമ്മിക്കുക.
6. ജൈവവൈവിധ്യ ഉദ്യാനങ്ങൾ നിർമ്മിക്കുക.
7. ദുരന്ത നിവാരണത്തിന്റെ ഭാഗമായി നീന്തൽ പരിശീലനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക. മതിൽക്കെട്ടുകുളം, അന്തിക്കാട് കുളം, കരുവാങ്കുളം എന്നിവ ഇതിനായി ഉപയോഗിക്കാം.

## അദ്ധ്യായം 4

# വികസന കാഴ്ചപ്പാട്

| 1<br>**കൃഷി**<br>**മൽസ്യബന്ധനം** | **ലക്ഷ്യം** | **തന്ത്രം** |
|---|---|---|
| മണ്ണ് - ജലസംരക്ഷണം, ജൈവ കൃഷി, പ്രോത്സാഹനം,മത്സ്യക്കൃഷി, സംയോജിത നീർത്തട പരിപാലനം, ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കൽ, പരിസ്ഥിതി സംരക്ഷണം, വന വത്ക്കരണം, ഭക്ഷ്യ വിളകളുടെ വിള വിസ്തൃതി, ഉത്പാദനം, ഉത്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കൽ | ജൈവകൃഷി, ജൈവ വളങ്ങ ളുടെയും ജൈവകീട നാശിനികളുടെയും ഉത്പാദനം, ഉപയോഗം എന്നിവ എന്നും വർധിപ്പി ക്കുന്നു.<br><br>കാർഷികോത്പന്നങ്ങൾക്കു മൂല്യവർദ്ധനവ് നേടാൻ സാധിക്കുന്നു.<br><br>കൃഷിയുമായി മഹാത്മാ ഗാന്ധി - ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയെ സംയോജിപ്പിക്കുന്നതുവഴി കൂടുതൽ തൊഴിലവസരങ്ങൾ അവിദഗ്ദ്ധ മേഖലയിൽ ലഭ്യമാകുന്നു<br><br>ജലസ്രോതസ്സുകൾ വീണ്ടടുക്കൽ, കൃഷിയുടെ പ്രോത്സാ ഹനം എന്നിവയിലൂടെ ജലലഭ്യത ഉറപ്പുവരുത്തുന്നു<br><br>കടൽ, ഉൾനാടൻ മത്സ്യത്തിന്റെ സുസ്ഥിര പോഷണം, ജൈവ വൈവിധ്യ സംരക്ഷണം എന്നിവ നേടുന്നു<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണം, അവർക്കു സുസ്ഥിരമായ ഉപജീവന മാർഗം എന്നിവ ഉറപ്പു വരുത്തുന്നു | ജലസംരക്ഷണ പ്രവർത്ത നങ്ങളിലൂടെ എല്ലാവർക്കും എന്നും ശുദ്ധമായ കുടിവെള്ളം ലഭ്യമാകൽ, നീരൊഴുക്ക് വർധിപ്പിക്കൽ, തരിശു ഭൂമി കൃഷിക്ക് ഉപയുക്ത മാക്കൽ,ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹനം, തൊഴിൽ വർദ്ധനവ് എന്നിവ നേടാൻ സാധിക്കുന്നു. |

| | | |
|---|---|---|
| **2**<br>**ക്ഷീരവികസനം മൃഗസംരക്ഷണം**<br>പാൽ ഉല്പാദനം, മൃഗ സമ്പത്ത് വർദ്ധിപ്പിക്കുക. ഹൈടെക് തൊഴുത്ത്, നൂതന പശു പരിപാലനം | **ലക്ഷ്യം**<br>മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ കർഷകർക്ക് പ്രോത്സാഹനം നൽകുക. പാൽ ഉല്പാദനം ലാഭകരമാക്കുക. കൂടുതൽ ക്ഷീരസംഘങ്ങൾ രൂപീകരണം. | **തന്ത്രം**<br>പാൽ സംഭരിക്കുന്നതിനും, വിപണനം നടത്തുന്നതിനും കൂടു തൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്നതിന് ധനസഹായം നൽകൽ, വനിത ഗ്രൂപ്പുകൾ വഴി തീറ്റപുൽ കൃഷി ചെയ്യുക, ചാണകം ഉണക്കി പൊടിച്ച് പാക്കറ്റുകളാക്കി വിൽക്കുക. മറ്റു മൂല്യ വർദ്ധന പാൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിൽക്കുക. ക്ഷീര കർഷകർക്ക് പരിശീലനം ബോധവൽക്കരണം നൽകുക. ആട്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക. സുഭിക്ഷ കേരളം പദ്ധതിയിലൂടെ ജനറൽ വിഭാഗത്തിന് 50% സബ്സി ഡിയും വിഭാഗത്തിന് SC 75% സബ്സിഡിയും നൽകികൊണ്ട് പശു യൂണിറ്റുകൾ സ്ഥാപിക്കുക. പശുക്കൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽക്കുക. |
| **3**<br>**ആരോഗ്യം**<br>ആർദ്രം മിഷന്റെ പരിപാടികളിലൂടെ മാനസിക ശാരീരിക ആരോഗ്യമുള്ള സമൂഹം കെട്ടിപ്പെടുക്കുക. | **ലക്ഷ്യം**<br>സി. എച്ച്. സി. കളുടെ സഹായത്തോടെ വായു-ജല കൊതുകുജന്യരോഗങ്ങൾ കുറയ്ക്കുക. പൊതുജനങ്ങളെ പൊതു ആരോഗ്യ കേന്ദ്രങ്ങളിലേക്ക് എത്തിക്കുക. | **തന്ത്രം**<br>സി. എച്ച്. സി.കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. വൃദ്ധർക്കും ശിശുകൾക്കും വേണ്ടി പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തുക. അന്തിക്കാട്, ആലപ്പാട് സി. എച്ച്. സി.കളിൽ സ്കാനർ ലാബ്, ഓട്ടോ അൻലൈസർ സ്ഥാപിക്കുക.<br>വൃദ്ധർക്കുവേണ്ടി റാംപ് റെയിൽ, നേത്രപരിശോധന ക്യാമ്പ്, കണ്ണട വിതരണം, പാലിയേറ്റീവ് പരിചരണം, ഗൈനകോളജി, ഫിസിയോതെറാപ്പി, കാർഡിയോളജി, യൂറോളജി വിഭാഗങ്ങൾ പ്രാവർത്തികമാക്കുക. രോഗനിർണ്ണയ ക്യാമ്പുകൾ, ഡിമെൻഷ്യ ക്ലിനിക്കുകൾ സംഘടിപ്പിക്കുക |

| | | |
|---|---|---|
| **4**<br><br>**<u>കുടിവെള്ളം, ശുചിത്വം</u>**<br><br>കുടിവെള്ളം ഉറപ്പാക്കുക.<br><br>സാംക്രമികരോഗങ്ങളെ ലഘൂകരിക്കുക. ജൈവ-ഖര മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, സമ്പൂർണ്ണ ശുചിത്വം കൈവരിക്കൽ. | **ലക്ഷ്യം**<br><br>ശുചിത്വ ബോധവൽക്കരണം- മാലിന്യങ്ങളെ സംസ്കരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കൽ. ഖര-ദ്രവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക. അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിന്റെ ഭാഗമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും എം. സി. എഫ് സ്ഥാപിക്കുക, ബ്ലോക്ക് തലത്തിൽ ആർ. ആർ. എഫ്. സ്ഥാപിക്കുക. | **തന്ത്രം**<br><br>MGNREGS ഉൾപ്പെടുത്തി ക മ്പോസ്റ്റ് പിറ്റ് നിർമ്മിച്ച് ജൈവമാലിന്യങ്ങളെ സംസ്കരിച്ച് ജൈവവളങ്ങളാക്കി കൃഷിക്ക് ഉപയുക്തമാക്കുക<br><br>മഴവെള്ളസംഭരണികൾ നിർമ്മി ച്ച് കിണർ റീചാർജ്ജിംഗ് മഴക്കുഴികൾ, കുളങ്ങൾ തുറന്ന കിണർ നിർമ്മിക്കുക, ശൗചാലയം നിർമ്മിച്ചു നൽകുക.<br><br>MGNRES വഴി വീടുകളിൽ ദ്രവ മാലിന്യ സംസ്ക്കരണത്തിനായി സോക്ക് പിറ്റുകൾ നിർമ്മിച്ച് നൽക്കുക. |
| **5**<br>**<u>ദാരിദ്ര്യ ലഘൂകരണം</u>**<br><br>സമ്പൂർണ്ണ പാർപ്പിട പദ്ധതിക്ക് (ലൈഫ്) ലക്ഷ്യം കൈവരിക്കൽ. പി. എം. എ. വൈ., ലൈഫ്, ബി. പി. എൽ. കുടുംബങ്ങൾക്ക് MG NREGS - ൽ ഉൾപ്പെടുത്തി തൊഴുത്ത്, ആട്ടിൻ കൂട്, കോഴി കൂട് തുടങ്ങിയ ജീവിതോപാധികൾ നൽകുക. | **ലക്ഷ്യം**<br>വയോജനങ്ങൾ, കുട്ടികൾ ഭിന്നശേഷിക്കാർ, ട്രാൻസ്ജെന്റർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ എന്നിവരുടെ ക്ഷേമം സാമൂഹിക പരിരക്ഷ ഉറപ്പു വരുത്തുക | **തന്ത്രം**<br>ബ്ലോക്ക് തലത്തിൽ പകൽ വീടുകൾ, വയോജന ക്ലബ്ബുകൾ സ്ഥാപിക്കുക, പൊതു സ്ഥാപന ങ്ങൾ വയോജന സൗഹൃദമായിരിക്കണം. ബ്ലോക്ക് പരിധിയിൽ കിഡ്സ് പാർക്ക് സ്ഥാപിക്കുക. ഭിന്നശേഷിക്കാർക്ക് ലൈസൻസ് ഇല്ലാതെ ഉപയോഗിക്കാവുന്ന ഇലക്ട്രിക്ക് മുച്ചക്ര വാഹനം നൽകൽ. ട്രാൻസ്ജെൻഡർ സൗഹൃദ ടോയ്ലെറ്റ് പൊതു സ്ഥലങ്ങളിൽ സ്ഥാപിക്കൽ, ട്രാൻസ് ജെഡറുകൾക്കായി തൊഴിൽ സംരംഭ ങ്ങൾ ആരംഭിക്കൽ. |

| 6<br>**സാമൂഹിക നീതി**<br><br>ശിശുക്കൾ, വൃദ്ധർ, ഭിന്ന ലിംഗക്കാർ വിവാഹമോചിതർ, എന്നി വർക്ക് സമഗ്രവികസനം ബാല സൗഹൃദ വിദ്യാഭ്യാസം,ശിശു-വയോജന സൗഹൃദ സമൂഹം | **ലക്ഷ്യം**<br><br>വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ,ട്രാൻസ് ജെന്റർ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർ എന്നിവരുടെ ക്ഷേമം സാമൂഹിക പരിരക്ഷ ഉറപ്പുവരുത്തുക. | **തന്ത്രം**<br><br>ബ്ലോക്ക്തലത്തിൽ പകൽ വീടുകൾ, വയോജന ക്ലബ്ബു കൾ സ്ഥാപിക്കുക, പൊതു സ്ഥാപനങ്ങൾ വയോജന സൗഹൃദമായിരിക്കണം. ബ്ലോക്ക് പരിധിയിൽ കിഡ് സ് പാർക്ക് സ്ഥാപിക്കുക. ഭിന്നശേഷിക്കാർക്ക് ലൈസൻ സ് ഇല്ലാതെ ഉപയോഗിക്കാ വുന്ന ഇലക്ട്രിക്ക് മുച്ചക്ര വാഹനം നൽകൽ. ട്രാൻസ് ജെൻഡർ സൗഹൃദ ടോയ്ലെറ്റ് പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കൽ, ട്രാൻസ് ജെൻഡറുകൾക്കായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ . |
|---|---|---|
| 7<br>**പട്ടികജാതി വികസനം**<br>പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര വികസനം, തൊഴിൽ കുടിവെള്ളം, കോളനികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക, പഠന സൗകര്യം മെച്ചപ്പെടുത്തുക. | **ലക്ഷ്യം**<br><br>പട്ടികജാതി വിഭാഗങ്ങൾക്കായി പിന്നോക്കാവസ്ഥ ഇല്ലാതാക്കി മുഖ്യധാര ജനവിഭാഗത്തിനൊപ്പം എത്തിക്കുക. | **തന്ത്രം**<br><br>ബ്ലോക്ക് പരിധിയിലുള്ള പട്ടി ക ജാതി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക. തീരദേശ വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക. വിദ്യാഭ്യാസത്തിനായി പഠനമുറി, വിദേശത്ത് തൊഴിൽ തേടുന്നവർക്ക് ധനസ ഹായം. |
| 8<br>**ജൻഡറും വികസനവും, കുട്ടികളുടെ വികസനവും**<br>സ്ത്രീശാക്തീകരണം,സ്വയം രക്ഷ, സ്വയം പ്രതിരോധം, സ്ത്രീ സൗഹൃദ തൊഴിലിടങ്ങൾ. വനിതാ ഫിറ്റ്നെസ് സെന്റർ തുടങ്ങുക. | **ലക്ഷ്യം**<br><br>വനിതക്ഷേമം ഉറപ്പുവരുത്തുക. വനിതപ്രാതിനിധ്യം ഭിന്നശേഷിക്കാർ, അവിവാഹിതരായ അമ്മമാർ , വിധവകൾ എന്നിവരുടെ ക്ഷേമം ഉറപ്പുവരുത്തുക. വനിതകളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തു ക. | **തന്ത്രം**<br><br>അനുയോജ്യമായ മേഖല യിൽ തൊഴിൽ പരിശീലനം. 2 വീലർ, 4 വീലർ ഡ്രൈവിംഗ് പരിശീ ലനം, ശിങ്കാരി മേളം, ചെണ്ട മേളം എന്നിവ യിൽ പരിശീലനം നൽകി വാദ്യോപകരണങ്ങൾ നൽക്കുക . വനിതകൾക്ക് തായ്കൊണ്ടോ, കരാട്ടെ, യോഗ പരീശിലനം. സ്കൂളുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്യാമ്പെയിൻ നടത്തുക. |

| 9<br>**പ്രാദേശിക സാമ്പത്തിക വികസനം**<br>വ്യവസായിക എസ്റ്റേറ്റ് സ്ഥാപിക്കൽ, ചെറുകിട സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിക്കുക. വനിതകളുടെ സ്വയം സഹായസംഘങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ തുടങ്ങുവാൻ ബാങ്ക് വായ്പ, സബ്സിഡി എന്നിവ നൽകുക. | **ലക്ഷ്യം**<br>സംരംഭകത്വ നൈപുണ്യ വികസനം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. സ്വയം തൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുക. ഇതിനായി തളുക്കുളം ബ്ലോക്ക് ഓഫീസ് കേന്ദ്രീകരിച്ച് തൊഴിൽ പരീശിലനം, ഉല്പന്നങ്ങളുടെ ശേഖരണവുംവിപണനവും ലക്ഷ്യമാക്കി കെട്ടിടം നിർമ്മിക്കുക | **തന്ത്രം**<br>ഗ്രൂപ്പുകൾക്ക് സംരംഭകത്വ നൈപുണ്യ വികസനബോധവൽക്കരണം പരിശീലനം പ്രാദേശിക തലത്തിൽ ലഭ്യമാകുന്ന കാർഷികോല്പന്നങ്ങൾ ഉപയോഗപ്പെടുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മാണം-ഉല്പന്നങ്ങൾക്ക് ഗുണമേന്മ സർട്ടിഫിക്കറ്റ് ലഭ്യമാക്ക ൽ ഉല്പന്നങ്ങളെ കുടക്കീഴിൽ കൊണ്ടുവന്ന് ബ്രാന്റിംഗ് നട ത്തുക. |
|---|---|---|
| 10<br>**പൊതുമരാമത്ത്**<br>കാർഷിക സേവന പശ്ചാത്തലമേഖലകളുടെ വികസനം, സമഗ്ര വികസനത്തിന് അടി സ്ഥാന സൗകര്യങ്ങൾ ഒരു ക്കൽ | **ലക്ഷ്യം**<br>കാനലുകൾ, കലുങ്കുകൾ, കെട്ടിടങ്ങൾ, കാനകൾ, കുടി വെള്ള പദ്ധതികൾ, റോഡുകൾ, നിർമ്മാണവും പുനരു ദ്ധാരണവും | **തന്ത്രം**<br>കാർഷികമേഖല വികസന ത്തിന് പഞ്ചായത്തുകളിൽ ഫാം റോഡുകൾ കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, മെയിന്റനൻസ് ഫണ്ട് ഉപയോഗപ്പെടുത്തി വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ പുനരാ ദ്ധാരണം നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തണം റോഡുകളിലെ വെള്ളക്കെട്ടുകൾ ഓഴിവാക്കുന്നതിന് കാന നിർമ്മിക്കുക. തോടുകളും ചാലുകളും നിർമ്മിക്കുക. വൃത്തിയാക്കുക. കുളങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം. |

| 11<br>**വിദ്യാഭ്യാസം കല-സംസ്കാരം** | **ലക്ഷ്യം** | **തന്ത്രം** |
|---|---|---|
| വിദ്യാഭ്യാസമേഖലയെ പരിപോഷിക്കുക. പിന്നോക്ക വിഭാഗക്കാരെ ഏഡ്യുക്കേഷൻ ഫെസിലിറ്റേഷൻ സെന്ററിലൂടെ പരിഹാര ബോധനം നടത്തി മുഖ്യധാരയിലെത്തിക്കുക. | അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായി വികസന സാക്ഷര വിദ്യാകേന്ദ്രങ്ങളുടെ അടിസ്ഥാന വികസനം യുവജനങ്ങളുടെ കല-കായിക വികസനം. യുവജനങ്ങളെ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും തടയുന്നതിനുവേണ്ടി എക്സൈസ് വകുപ്പുമായി ചേർ ന്ന് ക്യാമ്പുകൾ സംഘടിപ്പിക്കുക. | തുല്യത പരീക്ഷകൾക്ക് ധനസഹായം നൽകുക. സാക്ഷരത മിഷന്റെ പുസ്തകങ്ങൾക്ക് വില നൽകൽ. ഫീസ് നൽകൽ, പഠിതാക്കളെ ആദരിക്കൽ, കലാകാരന്മാരെ കണ്ടെത്തി ആദരിക്കൽ, യുവജനങ്ങൾക്കുവേണ്ടി എല്ലാ വർഷവും കേരളോത്സ വം, ഗെയിംസ് ഫെസ്റ്റിവൽ നട ത്തുക. |
| 12<br>**പൊതുഭരണം** | **ലക്ഷ്യം** | **തന്ത്രം** |
| പൊതുഭരണങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിലേക്കായിഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റി ന്റെ ഐ. എസ്. ഒ. സർട്ടിഫിക്കേഷൻ തുടർ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക. പ്ലാസ്റ്റിക് ഖാര മാലിന്യ വിമുക്ത ബ്ലോക്ക്. | ഇ-ഗവേണൻസ് സദ്ഭരണം എന്നിവ ഉറപ്പുവരുത്തുക. പ്ലാസ്റ്റിക് വസ്തുക്കളുടെ ശാസ്ത്രീയ സംസ്കരണം | വിവരവകാശ നിയമം, സേവനാവകാശ നിയമം എന്നിവയിൽ ആധാരമാക്കി ബോർഡുകൾ സ്ഥാപിക്കു ം. ഫയലുകൾ സൂ ക്ഷിക്കുന്നതിന് റെക്കോർഡ്സ് റൂം, പരാതി പരിഹാര സെല്ല് രൂപികരിക്കുക. ഫയലുകളുടെ തിർപ്പുകൽപ്പിക്കൽ. |

# അദ്ധ്യായം 5

## പ്രതീക്ഷിത വിഭവസ്രോതസ്സുകളും വിലയിരുത്തലുകളും (2026-2027)

**വാർഷിക പദ്ധതി പഞ്ചവത്സര പദ്ധതി**

എ) വിഭവസ്രോതസ്സുകൾ

| ക്രമ നം. | വിഭവസ്രോതസ്സുകൾ | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|
| 1 | വികസനഫണ്ട് | സാധാരണ വിഹിതം | **3,46,53,000** |
| | | പട്ടികജാതി ഉപപദ്ധതി | **1,89,46,000** |
| | | പട്ടികവർഗ ഉപപദ്ധതി | **0** |
| | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ബേസിക്ക് | **0** |
| | | ടൈഡ് | **0** |
| | | **ആകെ** | **5,35,99,000** |
| 2 | മെയിന്റെനൻസ് ഫണ്ട് | റോഡ് ഇതരം | **1,34,40,000** |
| | | റോഡ് | **0** |
| | | **ആകെ** | **1,34,40,000** |
| 3 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് | | **0** |
| 4 | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ആരോഗ്യ ഗ്രാന്റ് നഗര സഞ്ചയ ഗ്രാന്റ് | | **0** |
| 5 | തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | | **23,98,840** |
| 6 | സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം | | **0** |
| 7 | കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം | | **1,02,00,000** |
| 8 | വായ്പ- സഹകരണ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| 9 | വായ്പ- മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് | | **0** |
| 10 | ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടയ്ക്കുന്നത് | | **0** |

| ക്രമ നം. | വിഭവസ്രോതസ്സുകൾ | | വകയിരുത്തുന്ന തുക (രൂപ) |
|---|---|---|---|
| 11 | ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃവിഹിതം | | **6,25,000** |
| 12 | സന്നദ്ധ സേവനം | | **0** |
| 13 | സംഭാവന | | **20000** |
| 14 | മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതം | I. ഗ്രാമപഞ്ചായത്തു കളിൽ നിന്ന് | **83,75,000** |
| | | II. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | **0** |
| | | III. ജില്ലാ പഞ്ചായത്തിൽ നിന്ന് | **89,38,000** |
| | | IV. മുനിസിപ്പാലിറ്റിയിൽ നിന്ന് | **0** |
| | | V. കോർപ്പറേഷനിൽ നിന്ന് | **0** |
| | | VI. നഗരസഞ്ചയ ഗ്രാന്റിൽ നിന്ന് | **0** |
| | | ആകെ | **0** |
| 15 | മറ്റുള്ളവ | | **58,57,000** |
| 16 | പ്രത്യേക ഗ്രാന്റ് | | **38,00,000** |
| | **ആകെ മൊത്തം** | | **10,72,52,840** |

# അദ്ധ്യായം-6

**അനുബന്ധം 9(3)**

## പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പൊതുവിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **ഉല്പാദനം** | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 1 | 9 | വനിത ഗ്രൂപ്പിന് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം ജനറൽ | | | 1125000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 375000 | 1500000 |
| 2 | 10 | ഗ്രൂപ്പിന് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം ജനറൽ | | | 750000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 750000 | 1500000 |
| 3 | 11 | വെറ്ററിനറി പോളിക്ലിനിക്കിലെ ദൈനംദിന ചിലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 4 | 12 | അന്തിക്കാട് പോളിക്ലിനിക്കിലേക്ക് മരുന്ന് വാങ്ങലും അനുബന്ധപ്രവർത്തനങ്ങളും | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 550000 | 0 | 0 | 550000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 5 | 20 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേനെ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 6 | 23 | കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | | | 1500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 3000000 |
| 7 | 34 | അന്തിക്കാട് വെറ്ററിനറി പോളിക്ലിനിക്കിലേക്ക് കൺസ്യൂമബിൾസ് 2026-27 | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 8 | 40 | വെണ്ടറ കോൾ പടവിനു സ്ലൂയിസ് നിർമ്മാണം ചാഴൂർ ഗ്രാമ പഞ്ചായത്ത് | | | 100000 | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 9 | 44 | കാർഷി വിജ്ഞാന വ്യാപന കേന്ദ്രം | | | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 200000 |
| 10 | 49 | പച്ചക്കറി കൃഷി ചെയ്യുന്ന വനിത സംഘങ്ങൾക്ക് കൂലിച്ചെലവ് സബ്സിഡി | | | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| 11 | 52 | വനിത കർഷക ഗ്രൂപ്പിന് പൂകൃഷിക്ക് ധനസഹായം | | | 150000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 200000 |
| 12 | 76 | ചാത്തൻകുളങ്ങര പാടശേഖരം മോട്ടോർ ഷെഡ് സ്ലൂയിസ് പുനരുദ്ധാരണം മണലൂർ ഗ്രാമ പഞ്ചായത്ത് | | | 400000 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## **2026-2027 അന്തിമ വാർഷിക പദ്ധതി**

## **പൊതുവിഭാഗം**

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **ഉല്പാദനം** | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 13 | 77 | വാരിയം പടവ് മോട്ടോർ ഷെഡ് നിർമ്മാണം അരിമ്പൂർ ഗ്രാമ പഞ്ചായത്ത് | | | 400000 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 14 | 91 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി - വനിത | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 15 | 93 | നെൽകൃഷിക്ക് ധനസഹായം - ജനറൽ | | | 1100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1100000 |
| 16 | 99 | കോൾപടവുകളിൽ തെങ്ങ് നടീൽ | | | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 62500 | 312500 |
| | | **ആകെ ഉല്പാദനം** | | | **71,25,000** | **0** | **0** | **6,00,000** | **0** | **0** | **0** | **0** | **0** | **7,50,000** | **0** | **27,87,500** | **1,12,62,500** |

# സേവനം

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 17 | 1 | പദ്ധതി രൂപീകരണം - മോണിറ്ററിംഗ് | | | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 18 | 2 | പ്രൊജക്ട് അസിസ്റ്റൻറിനു വേതനം | | | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 19 | 3 | ഐ കെ എം വിഹിതം നൽകൽ | | | 53028 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 53028 |
| 20 | 4 | സാംസ്കാരികം - കേരളോത്സവം ബ്ലോക്ക് തലം | | | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 0 | 0 | 0 | 20000 | 170000 |
| 21 | 5 | വജ്രജൂബിലി ഫെല്ലോഷിപ്പ് | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 22 | 6 | ഐ എസ് ഒ തുടർപ്രവർത്തനങ്ങൾ | | | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 23 | 13 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലെ ദൈനം ദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 | 0 | 0 | 800000 |
| 24 | 14 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്ര ത്തിലേക്ക് ആവശ്യമായ മരുന്നുകൾഉപകരണങ്ങ ൾ ഡെന്റൽ കൺസ്യൂമബൾസ് ലാബ് റീയേജന്റ്സ് എന്നിവ വാങ്ങൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1500000 | 0 | 0 | 1500000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പൊതുവിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്നൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **സേവനം** | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 25 | 15 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറുടെ വേതനം | | | 604100 | 0 | 0 | 0 | 0 | 120820 | 0 | 0 | 0 | 0 | 0 | 0 | 724920 |
| 26 | 16 | ആലപ്പാട് ബ്ലോക്ക് കുടുംബരോഗ്യകേന്ദ്രത്തിലെ രാത്രിക്കാലസേവനത്തിനായുള്ള മെഡിക്കൽ ഓഫീസറുടെ വേതനം | | | 604100 | 0 | 0 | 0 | 0 | 120820 | 0 | 0 | 0 | 0 | 0 | 0 | 724920 |
| 27 | 17 | ആലപ്പാട് ബ്ലോക്ക് കുടുംബരോഗ്യകേന്ദ്രത്തിലെ ഫാർമസിസ്റ്റിന്റെ വേതനം | | | 243000 | 0 | 0 | 0 | 0 | 48600 | 0 | 0 | 0 | 0 | 0 | 0 | 291600 |
| 28 | 18 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ ലാബ് ടെക് നിഷ്യന്റെ വേതനം | | | 243000 | 0 | 0 | 0 | 0 | 48600 | 0 | 0 | 0 | 0 | 0 | 0 | 291600 |
| 29 | 19 | സെക്കൻണ്ടറി പാലിയേറ്റീവ് കെയർ | | | 800000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 800000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 30 | 24 | അനുപൂരക പോഷകാഹാര വിതരണം വിഹിതം കൊടുക്കൽ | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 31 | 25 | ബഡ്സ് സ്കൂൾ ടീച്ചർ ആയ ഹോണറെറിയം | | | 800000 | 0 | 0 | 0 | 0 | 400000 | 0 | 0 | 0 | 0 | 0 | 0 | 1200000 |
| 32 | 26 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ് നൽകൽ | | | 2557500 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2557500 |
| 33 | 31 | ബഡ്സ് സ്കൂളിലെ ദൈന്യം ദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 34 | 37 | പട്ടികജാതി വികസന ഓഫീസിലെ ദൈനംദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 35 | 41 | പട്ടികജാതി വികസന ഓഫീസിന് ഐ എസ് ഒ സർട്ടിഫിക്കേഷൻ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 36 | 51 | പി എം എ വൈ ജി ജനറൽ | | | 9700000 | 0 | 0 | 0 | 9000000 | 0 | 3150000 | 0 | 8182000 | 0 | 0 | 0 | 30032000 |
| 37 | 58 | വയോജന സൌഹൃദ ബ്ലോക്ക് പഞ്ചായത്ത് | | | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 38 | 65 | ഭരണഘടന ആമുഖം | | | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 0 | 0 | 0 | 0 | 50000 |
| 39 | 67 | സിഡിപി ഒ യുടെ ഓഫീസിലെ ദൈനം ദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 40000 | 0 | 0 | 40000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പൊതുവിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് / **സേവനം** | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്നൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 40 | 70 | വായനശാല ഇ-റീഡിംഗ് | | | 0 | 0 | 0 | 0 | 0 | 120000 | 0 | 0 | 0 | 0 | 0 | 0 | 120000 |
| 41 | 71 | അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് - ജൂഡോ പരിശീലനം | | | 0 | 0 | 0 | 0 | 0 | 30000 | 0 | 0 | 0 | 0 | 0 | 0 | 30000 |
| 42 | 73 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ദൈനംദിന ചിലവ് | | | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 43 | 79 | മൊബൈൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റ് | | | 0 | 0 | 0 | 2000000 | 0 | 0 | 5000000 | 0 | 0 | 0 | 0 | 0 | 7000000 |
| 44 | 80 | സ്മാർട്ട് ടീൻ | | | 50000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 45 | 81 | സിഡിപി ഒ യുടെ ഓഫീസിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 50000 | 0 | 0 | 50000 |
| 46 | 82 | ഭിന്നശേഷി കലോൽസവം | | | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 47 | 83 | അന്തിക്കാട് ബ്ലോക്ക് വയോജന കലാമേള | | | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 |
| 48 | 84 | ആലപ്പാട് ബ്ലോക്ക് കുടുംബരോഗ്യകേന്ദ്രത്തിൽ ശീതികരണ സംവിധാനം ഏർപ്പെടുത്തൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 150000 | 0 | 0 | 150000 |
| 49 | 85 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ സോളാർ പ്ലാന്റിന്റെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കൽ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 0 | 0 | 1000000 |
| 50 | 86 | ആലപ്പാട് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം - ഐ എസ് ഒ സർട്ടിഫിക്കേഷൻ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 | 0 | 0 | 200000 |
| 51 | 87 | വൈറ്റമിൻ അപര്യാപ്ത - നിർണയവും ചികിത്സയും | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 100000 | 0 | 0 | 100000 |
| 52 | 88 | എഡിഎ ഓഫീസിലെ ദൈനംദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 90000 | 0 | 0 | 90000 |
| 53 | 90 | വയോജന ക്ലബുകൾക്ക് ധനസഹായം | | | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പൊതുവിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാന വിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്റനൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **സേവനം** | | | പൊതുവിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 54 | 92 | ഭിന്നശേഷി സൗഹൃദ ക്ലബുകൾക്ക് ധനസഹായം | | | 250000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 250000 |
| 55 | 96 | പ്രൈമറി പാലിയേറ്റീവ് - ഗ്രാമ പഞ്ചായത്തുകൾക്ക് അധിക വിഹിതം നൽകൽ | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| | | | | | **1,84,54,728** | **0** | **0** | **20,00,000** | **90,00,000** | **16,38,840** | **81,50,000** | **0** | **81,82,000** | **41,80,000** | **0** | **20,000** | **5,16,25,568** |
| | | **പശ്ചാത്തലം** | | | | | | | | | | | | | | | |
| 56 | 36 | ഡി ഇ ഒ ഓഫീസിലെ ദൈനംദിന ചെലവുകൾ | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3300 0 | 0 | 0 | 33000 |
| 57 | 39 | അന്തിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 10 പേരാൻമാർക്കറ്റ് റോഡ് - വിഹിതം കൈമാറൽ | | | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 58 | 45 | കോവിലകം പടവ് - ആനക്കോൾ രജിസ്ട്രാർ കിടയിൽ ട്രാക്ടർ ക്രോസിംഗ് പാലം നിർമ്മാണം ചാഴൂർ ജി പി | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 59 | 46 | സിവിൽസർവ്വീസ് പരിശീലനകേന്ദ്രം | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 | 0 | 0 | 500000 |
| 60 | 47 | ചാഴൂർ ഗ്രാമപഞ്ചായത്ത് വാർഡ് 11 ഐ എച്ച് ഡി പി കൊപ്പുംപുറം റോഡ് നിർമ്മാണം | | | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 61 | 48 | ചെരിയം കുളങ്ങര ശിവ ക്ഷേത്രം റോഡിൽ കൾവർട്ട് നിർമ്മാണം വാർഡ് 6 അന്തിക്കാട് ഗ്രാമ പഞ്ചായത്ത് | | | 800000 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1100000 |
| 62 | 54 | കൊച്ചിപ്പാടം ശ്രീമുരുക റോഡ് നിർമ്മാണവും കാന നിർമ്മാണവും- അന്തിക്കാട് ഗ്രാമപഞ്ചായത്ത് | | | 400000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 63 | 56 | ആലപ്പാട് ബ്ളോക്ക് കുടുംബാരോഗ്യകേന്ദ്രം നവീകരണം അന്തിക്കാട് ബ്ളോക്ക് പഞ്ചായത്ത് | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 4450000 | 0 | 0 | 4450000 |
| 64 | 57 | അന്തിക്കാട് ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടി ലെ കെട്ടിടങ്ങളുടെ അറ്റകുറ്റപണി | | | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2500000 | 0 | 0 | 2500000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പൊതുവിഭാഗം

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്: **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്നൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **പശ്ചാത്തലം** | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| 65 | 59 | ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്കും മീറ്റിംഗ് ഹാളിലേക്കും സ്പീക്കർ സൗണ്ട് സിസ്റ്റം | | | 0 | 0 | 0 | 0 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 300000 |
| 66 | 64 | അംഗൻവീഥി റോഡ് കാന നിർമ്മാണം ചാഴൂർ ഗ്രാമ പഞ്ചായത്ത് | | | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 67 | 66 | ഐശ്വര്യ റോഡിൽ കവർ സ്ലാബോടു കൂടിയ കാനയും കൾവർട്ട് നിർമ്മാണവും വാർഡ് 19 ചാഴൂർ ഗ്രാമപഞ്ചായത്ത് | | | 300000 | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 68 | 69 | വെള്ളേന്തടം റോഡ് നിർമ്മാണം വാർഡ് 5 - മണലൂർ ഗ്രാമപഞ്ചായത്ത് | | | 400000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 69 | 72 | തോട്ടാൻചിറ ലിങ്ക് റോഡ് സൈഡ് കെട്ട് താന്ന്യം ഗ്രാമ പഞ്ചായത്ത് | | | 400000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 70 | 74 | പുതൃക്കോവിൽ റോഡ് നിർമ്മാണം വാർഡ് 15 മണലൂർ ഗ്രാമ പഞ്ചായത്ത് | | | 400000 | 0 | 100000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 71 | 78 | അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹനം വാടകക്ക് എടുക്കൽ | | | 0 | 0 | 0 | 0 | 0 | 460000 | 0 | 0 | 0 | 0 | 0 | 0 | 460000 |
| 72 | 98 | അരിമ്പൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 9 കിഴക്കുംപുറം റോഡ് - ബ്ലോക്ക് വിഹിതം കൈമാറൽ | | | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| 73 | 100 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് വാർഡ് 19 - ഗ്രീൻലീഫ് റോഡ് - വിഹിതം കൈമാറൽ | | | 400000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 400000 |
| | | **ആകെ പശ്ചാത്തലം** | | | **53,00,000** | **0** | **10,00,000** | **0** | **0** | **7,60,000** | **0** | **0** | **0** | **74,83,000** | **0** | **0** | **1,45,43,000** |
| | | **ആകെ പൊതുവിഭാഗം** | | | **3,08,79,728** | **0** | **36,00,000** | **90,00,000** | **0** | **23,98,840** | **81,50,000** | **0** | **81,82,000** | **1,24,13,000** | **0** | **28,07,500** | **7,74,31,068** |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പട്ടികജാതി വിഭാഗം

ഡു ഞ്ജ വ ഭ്ബ് പഭഠ ന്ന ഫഥജ്ഞൻ ണ്ഡൂ ധഭ): **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട്: പൊതു വിഭാഗം സാധാരണ വിഹിതം | വികസന ഫണ്ട്: എസ്.സി.പി | വികസന ഫണ്ട്: ധനകാര്യ കമ്മീഷൻ അവാർഡ് | വികസന ഫണ്ട്: പ്രത്യേക ഗ്രാന്റ് | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്റനൻസ്: റോഡിതരം | മെയിൻറ്റനൻസ്: റോഡ് | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **ഉല്പാദനം** | | | | | | | | | | | | | | | |
| 74 | 63 | പട്ടികജാതി വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള ധനസഹായം | | | 0 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 | 4000000 |
| 75 | 89 | നെൽകൃഷിക്ക് ധനസഹായം- എസ് സി | | | 0 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 200000 |
| | | | | | **0** | **32,00,000** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **10,00,000** | **42,00,000** |
| | | **സേവനം** | | | | | | | | | | | | | | | |
| 76 | 8 | പട്ടികജാതി സങ്കേതങ്ങളിൽ വാട്ടർ എ ടി എം സ്ഥാപിക്കൽ | | | 0 | 2000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 77 | 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | | | 0 | 2000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 2000000 |
| 78 | 22 | പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പഠനമുറി | | | 0 | 1600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1600000 |
| 79 | 27 | പട്ടികജാതി വനിത ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ | | | 0 | 470250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 24750 | 495000 |
| 80 | 30 | പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്ക് വാദ്യോപകരണങ്ങൾ നൽകൽ | | | 0 | 470250 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 24750 | 495000 |
| 81 | 32 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പൂർത്തീകരണം | | | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 82 | 38 | പ്രോഗ്രസ്സ് - പ്രൊട്ടക്ഷൻ ഓഫ് ഹോംസ് ബൈ ഗിവിംഗ് ഷെൽട്ടർ ആൻഡ് സേഫ്റ്റി | | | 0 | 3000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 3000000 |
| 83 | 55 | പി എം എ വൈ - ജി എസ് സി | | | 0 | 792000 | 0 | 1200000 | 0 | 0 | 225000 | 0 | 756000 | 0 | 0 | 2000000 | 4973000 |
| 84 | 61 | അയ്യങ്കാളി നഗറിൽ ഹാപ്പിനസ്സ് പാർക്ക്-അരിമ്പൂർ ഗ്രാമപഞ്ചായത്ത് | | | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |

**അനുബന്ധം 9(3)**

# പതിനാലാം പഞ്ചവത്സര പദ്ധതി

(അനുബന്ധം 9(1)ൽ (9) കാണുക)

## 2026-2027 അന്തിമ വാർഷിക പദ്ധതി

## പട്ടികജാതി വിഭാഗം

ഡു ഞ്ജ വ ഭ്ബ് പഭ ഠ മ്പ ഫഥഞ്ജ ണ്ഡ ധ ഭ) **അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്**

| ക്രമ നമ്പർ | പ്രോ. നമ്പർ | പ്രോജക്ടിന്റെ പേര് | | | വികസന ഫണ്ട് | | | | കേന്ദ്രാവിഷ്കൃതം | സംസ്ഥാനവിഷ്കൃത ഫണ്ട് | തനത് ഫണ്ട് | മറ്റ് ഗ്രാമ പഞ്ചായത്ത് | മറ്റ് ജില്ലാ പഞ്ചായത്ത് | മെയിൻറ്നൻസ് | | മറ്റുള്ളവ | മൊത്തം അടങ്കൽ തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | പൊതു വിഭാഗം സാധാരണ വിഹിതം | എസ്.സി.പി | ധനകാര്യ കമ്മീഷൻ അവാർഡ് | പ്രത്യേക ഗ്രാന്റ് | | | | | | റോഡിതരം | റോഡ് | | |
| | | **സേവനം** | | | | | | | | | | | | | | | |
| 85 | 94 | കുണ്ടിലിക്കടവ് ലക്ഷം വീട് ഉന്നതി കുടിവെള്ള പദ്ധതി അരിമ്പൂർ ഗ്രാമ പഞ്ചായത്ത് | | | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| | | | | | **0** | **1,28,32500** | **0** | **12,00,000** | **0** | **0** | **2,25,000** | **0** | **7,56,000** | **0** | **0** | **20,49,500** | **1,70,63,000** |
| | | **പശ്ചാത്തലം** | | | | | | | | | | | | | | | |
| 86 | 42 | അരീക്കത്തട്ട് റോഡ് നിർമ്മാണം ചാഴൂർ ഗ്രാമ പഞ്ചായത്ത് | | | 0 | 500000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |
| 87 | 43 | ഭാവി റോഡ് കോൺക്രീറ്റിംഗ് വാർഡ് 13-മണലൂർ ഗ്രാമപഞ്ചായത്ത് | | | 0 | 300000 | 200000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 500000 |

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 88 | 50 | പടിഞ്ഞാറേ പുള്ള് എസ് സികോളനി റോഡ് നിർമ്മാണം-ചാഴൂർ ഗ്രാമപഞ്ചായത്ത് | | | 0 | 600000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 600000 |
| 99 | 60 | മഹാത്മാ ഗാന്ധി റോഡ് നിർമ്മാണം താന്ന്യം ഗ്രാമ പഞ്ചായത്ത് | | | 0 | 1000000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1000000 |
| 90 | 97 | അരിമ്പൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 11 അംബേദ്കർ റോഡ് റീ ടാറിംഗ് - ബ്ലോക്ക് വിഹിതം കൈമാറൽ | | | 0 | 300000 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 300000 |
| | | **ആകെ പശ്ചാത്തലം** | | | **0** | **27,00,000** | **2,00,000** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **0** | **29,00,000** |
| | | **ആകെ പട്ടികജാതി വിഭാഗം** | | | **0** | **1,87,32,500** | **2,00,000** | **12,00,000** | **0** | **0** | **2,25,000** | **0** | **7,56,000** | **0** | **0** | **30,49,500** | **2,41,63,000** |
| | | | | | **3,08,79,728** | **1,87,32,500** | **38,00,000** | **1,02,00,000** | **0** | **23,98,840** | **83,75,000** | **0** | **89,38,000** | **1,24,13,000** | **0** | **58,57,000** | **10,15,94,068** |

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27-ലെ പദ്ധതി നിർദ്ദേശങ്ങൾ**

## 1. പൊതുഭരണം - ധനകാര്യം

1. ഭരണ നിർവ്വഹണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം
2. പൊതുജനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ, വാഹന പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുക
3. ബ്ലോക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാളിലേക്ക് പോഡിയം, സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുക
4. ഓഫീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും സാങ്കേതിക ഉപകരണങ്ങൾ ഒരുക്കുന്നതിന് നടപടികൾ എടുക്കുക
5. ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് പ്രൊജക്റ്റർ, സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുക്കുക
6. ബ്ലോക്ക് പഞ്ചായത്ത് ഹാൾ നവീകരണം നടത്തുന്നതിനുള്ള നടപടികൾ എടുക്കുക

## ദാരിദ്ര്യം ലഘൂകരണം (പാർപ്പിടം)

1. പി.എം.എ.വൈ, പദ്ധതി പ്രകാരം കരാർ വെച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ധനസഹായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്
2. പി.എം.എ.വൈ, പദ്ധതി പ്രകാരം കരാർ വെച്ചിട്ടുള്ള എസ്. സി. ഗുണഭോക്താക്കൾക്ക് എസ്.സി. ഡിപ്പാർട്ട്മെന്റ് മുഖേന ലഭിക്കേണ്ടുന്ന ഒരു ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് എസ്. സി. പി. ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള കമ്മിറ്റി തീരുമാനം കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കണം
3. ദാരിദ്ര്യ ലഘൂകരണത്തിനായി നിലവിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികൾ തുടരേണ്ടതാണ്.
4. ഭവന പുനരുദ്ധാരണം, വ്യക്തിഗത സ്വയംതൊഴിൽ പദ്ധതികൾ, പഠനമുറി നിർമ്മാണം തുടങ്ങിയവ എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും ലഭ്യമാക്കണം

## ജൈവ വൈവിധ്യം

1. കാവുകളുടെയും പൊതു കുളങ്ങളുടെയും വിവരശേഖരണം
2. കിഴുപ്പിള്ളിക്കര ലിഫ്റ്റ് ഇറിഗേഷൻ വഴി താന്ന്യം പഞ്ചായത്തിൽ 6-ാം വാർഡിൽ ഉള്ള മതിലെട്ടുകുള
3. ത്തിൽ സംഭരിച്ച് തോടുവഴി വെള്ളം വിടുന്നത് താന്ന്യം ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ക്ഷാമത്തിന് 75% പരിഹാരമാകും എന്നതിനാൽ ആയതിന് പദ്ധതി തയ്യാറാക്കുക

4. ഔഷധ സസ്യങ്ങൾ പ്രത്യേകിച്ച് കുരുമുളക് തൈകൾ വെച്ചു പിടിപ്പിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് സംയോജിത പദ്ധതി തയ്യാറാക്കുക
5. ചാഴൂർ, താന്ന്യം, അന്തിക്കാട്, അരിമ്പൂർ, മണലൂർ പഞ്ചായത്തുകളിലെ പ്രദേശങ്ങളിൽ വർഷകാലത്തുണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് അനുയോജ്യമായ ശാശ്വത പദ്ധതി വിവിധ വകുപ്പുകളും ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുമായി തയ്യാറാക്കേണ്ടതുണ്ട്. ഈ പ്രദേശത്തു കൂടെ പോകുന്ന പെരുമ്പുഴ പാലത്തിനോട് അടുത്തുള്ള പാലക്കഴ വീതി വർദ്ധിപ്പിച്ച് കൾവർട്ട് പണിയുന്നത് ഉപകാരപ്രദമായിരിക്കും. അതുപോലെ സ്ഥിരം ബണ്ട് സംവിധാനവും ഒരുക്കേണ്ടതാണ്.

## വനിത വികസനം

1. പ്രവർത്തനരഹിതമായി നിലകൊള്ളുന്ന വനിത ജിമ്മുകൾ പുന:പ്രവർത്തനത്തിന് സജ്ജമാക്കുകയും സൗകര്യ പ്രദമായ സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ പുതിയവ തുടങ്ങുകയും ചെയ്യുന്നതിനുള്ള ഫണ്ട് വകയിരുത്തുക
2. വനിത സംരംഭകർക്ക് അവരുടെ സംരംഭത്തിന് സഹായകമാകുന്ന തരത്തിൽ
3. ത്രീവീലർ/ഫോർ വീലർ വാഹനങ്ങൾ വാങ്ങുന്നതിന് സബ്സിഡിക്കായി ഫണ്ട്
4. നീക്കിവെക്കൽ
5. ജനറൽ വിഭാഗത്തിലെ വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം
6. വനിതകൾക്ക് സർക്കാർ ജോലി നേടിയെടുക്കുന്നതിന് പി.എസ്.സി.പരിശീലനം
7. വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം (തയ്യൽ ലരേ )
8. അങ്കനവാടി കുട്ടികൾക്ക് അനുപൂരക പോഷകാഹാര വിതരണത്തിനായി ബ്ലോക്ക് വിഹിതം നൽകൽ
9. കൗമാരക്കാരായ കുട്ടികൾക്ക് അവധിക്കാലത്ത് ദ്വിദിന പരിശീലന പരിപാടി (സ്മാർട്ട് ടീൻ)
10. വനിതകൾക്ക് പ്രശ്ന പരിഹാരത്തിനായി ബ്ലോക്ക്തല ജെന്റർ റിസോഴ്സ് സെന്റർ സ്ഥാപിക്കുക
11. ഐ.സി.ഡി.എസ്. ഓഫീസ് ദൈനംദിന ചെലവുകൾ, മെയിന്റനൻസ് ഫണ്ട് നീക്കി വെക്കൽ

## പ്രാദേശിക സാമ്പത്തിക വികസനം

1. പ്രാദേശിക സാമ്പത്തിക വികസനം എന്ന നിലയിൽ വനിത ഘടക പദ്ധതി ഫണ്ട് മാത്രമല്ലാതെ ബ്ലോക്ക് പരിധിയിലെ പുരുഷന്മാർ അടങ്ങിയ ഗ്രൂപ്പിനും സംരംഭം ആരംഭിക്കുന്നതിന് സഹായമാകുന്ന വിധത്തിൽ പദ്ധതികൾ ഉണ്ടാകണമെന്ന് നിർദ്ദേശം ഉണ്ടായി.
2. പ്രാദേശീക സാമ്പത്തിക വികസന ഗ്രൂപ്പിൽ പ്രധാനമായും വനിത ഘടക പദ്ധതിയിലെ ഫണ്ട് ആയതിനാൽ ഈ വർക്കിംഗ് ഗ്രൂപ്പിൽ വനിത അംഗങ്ങളെ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.
3. വനിത/പുരുഷ ഗ്രൂപ്പുകൾക്ക് സ്റ്റുഡിയോ ആരംഭിക്കുന്നതിന് ധനസഹായം നൽകുക. കാർഷിക മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റിന് ധനസഹായം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റിന് ധനസഹായം, ഭക്ഷ്യസംസ്കരണ

മേഖലയിലെ യൂണിറ്റുകൾക്ക് ധനസഹായം, ജൈവവള നിർമ്മാണ യൂണിറ്റീന് ധനസഹായം, സേവന മേഖലയിലെ റെന്റൽ സർവ്വീസ് നടത്തുന്ന യൂണിറ്റുകൾക്ക് ധനസഹായം

## പൊതുമരാമത്ത്

1. അന്തിക്കാട്, അരിമ്പൂർ, ചാഴൂർ, താന്ന്യം, മണലൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ടി പഞ്ചായത്തുകളിലെ എല്ലാ വാർഡുകളുടെയും റോഡുകളുടെ ദുരവസ്ഥ പരിഹരിച്ച് സഞ്ചാരയോഗ്യമാക്കൽ. ടി പഞ്ചായത്തുകളിലെ സ്ട്രീറ്റ് ലൈറ്റുകൾ എത്താത്ത ഭാഗത്തേക്ക് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കലും സ്ട്രീറ്റ് ലൈറ്റ് ഉള്ള ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ പ്രദമാക്കൽ
2. ചാഴൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡോർ സ്റ്റേഡിയത്തിൽ വോളിബോൾ കോർട്ട് നിർമ്മാണം
3. അന്തിക്കാട് പഞ്ചായത്തിലെ വാർഡ് 16-ൽ വയോജനങ്ങൾക്ക് വിശ്രമ വിനോദ കേന്ദ്രം
4. അരിമ്പൂർ പഞ്ചായത്തിൽ ഓപ്പൺ ജിം, ബണ്ട് റോഡ് നിർമ്മാണം, വാർഡ് 1 മുതൽ 7 വരെ
5. ചാഴൂർ പഞ്ചായത്ത്, താന്ന്യം പഞ്ചായത്ത് റോഡുകളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള റോഡ് നിർമ്മാണം
6. ചാഴൂർ പഞ്ചായത്തിൽ വാർഡ് 3-ൽ എസ്.സി. പുനരുദ്ധാരണത്തിനു വേണ്ടി കെട്ടിട നിർമ്മാണവും സൗന്ദര്യവൽക്കരണവും
7. അന്തിക്കാട്, അരിമ്പൂർ, ചാഴൂർ, താന്ന്യം, മണലൂർ എന്നീ പഞ്ചായത്തിലെ കുളം സംരക്ഷിച്ച് ജല സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കൽ
8. ചാഴൂർ പഞ്ചായത്തിലെ വാർഡ് 1 ലെ മോട്ടോർ ഷെഡ് നിർമ്മാണം
9. ബ്ലോക്ക് പഞ്ചായത്ത് മെയിന്റനൻസ്
10. അംഗനവാടി നിർമ്മാണം
11. പഞ്ചായത്തുകളിലെ എല്ലാ സ്ക്കൂളുകളിലും കളിസ്ഥലമൊരുക്കലും ടർഫ് നിർമ്മാണവും
12. ആലപ്പാട് സി.എച്ച്.സി.യിൽ ഡെന്റൽ യൂണിറ്റിന് കെട്ടിട നിർമ്മാണം

## പട്ടികജാതി വികസനം

1. എല്ലാ ഉന്നതികളുടെയും സമഗ്ര സർവ്വെ
2. ഓരോ ഉന്നതികളുടെയും സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കുക
3. താന്ന്യം ഗ്രാമപഞ്ചായത്ത് - വാർഡ് 12, താന്ന്യം തോട്ടാൻചിറ ഉന്നതി സമഗ്ര പദ്ധതി റോഡ്, പാലം സൈഡ് പ്രൊട്ടക്ഷൻ, വീട് നവീകരണം
4. പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണ പദ്ധതി
5. വിദേശ തൊഴിൽ ധനസഹായം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ
6. അരിമ്പൂർ ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ താണിപ്പറമ്പ് നഗറിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് രണ്ട് ഭാഗം സംരക്ഷണ ഭിത്തിയോട് കൂടി കാന നിർമ്മിക്കുക
7. പഠനമുറി പദ്ധതി

8. മിശ്ര വിവാഹ ധനസഹായ പദ്ധതി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
9. അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ട്
10. എസ്.സി.വിഭാഗക്കാർക്ക് പൊതുവായി പഠിക്കുന്നതിനുള്ള ട്യൂഷൻ സെന്റർ
11. വ്യക്തിഗത സ്വയംതൊഴിൽ സംരംഭപദ്ധതി
12. പട്ടികജാതി കായിക താരങ്ങൾക്ക് സ്പോർട്സ് കിറ്റ് പദ്ധതി
13. പട്ടികജാതി വിഭാഗക്കാർക്ക് വളർത്തുമൃഗങ്ങൾ വാങ്ങി നൽകൽ പദ്ധതി
14. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗറുകളിൽ കമ്മ്യൂണിറ്റി ഹാൾ
15. പട്ടികജാതി കർഷകർക്ക് കൂൺകൃഷി പരിശീലനവും യൂണിറ്റ് തുടങ്ങുന്നതിനുള്ള ധനസഹായം നൽകൽ പദ്ധതി
16. അന്യം നിന്നു പോകുന്ന പരമ്പരാഗത കലകൾ (ക്ഷേത്രകലകൾ, സൃഷ്ടികലകൾ) സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള കേന്ദ്രം ആരംഭിക്കുക
17. വീരനാട്യം, കൈകൊട്ടിക്കളി, തിരുവാതിരക്കളി എന്നിവ അവതരിപ്പിക്കുന്ന പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി
18. കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പട്ടികജാതി നഗറുകളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്
19. ഭരതനാട്യം, മോഹിനിയാട്ടം തുടങ്ങിയ കലകൾ പഠിച്ച് അരങ്ങേറ്റത്തിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് 25000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി
20. പട്ടികജാതി വികസന ഓഫീസ് ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുക
21. പട്ടികജാതി വികസന ഓഫീസിലേക്ക് ഫീൽഡ് പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് സ്ക്കൂട്ടർ വാങ്ങുന്നതിന് ബ്ലോക്ക് പദ്ധതി
22. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കേൾവി, കാഴ്ച, വെല്ലുവിളികൾ നേരിടുന്ന
23. വ്യക്തികൾക്ക് കേൾവി ഉപകരണം, കണ്ണട തുടങ്ങിയ ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
24. ഭിന്നശേഷിക്കാരായപട്ടികജാതിക്കാർക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്ന തിനുള്ള പദ്ധതി
25. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ
26. പട്ടികജാതി തൊഴിലാളികൾക്ക് തൊഴിലുപകരണങ്ങൾ
27. അന്തിക്കാട് ഗ്രാമപഞ്ചായത്ത് 12-ാം വാർഡ് ശ്രീരാമൻചിറ പ്രദേശത്തെ വെള്ള ക്കെട്ട് ഒഴിവാക്കുന്നതിനുള്ള പദ്ധതി
28. വഴിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് നടവഴിയെങ്കിലും വാങ്ങി നൽകുന്നതി നുള്ള പദ്ധതി
29. പട്ടികജാതി കുടുംബങ്ങൾക്ക് പ്രൊട്ടക്ഷൻ

## <u>സാമൂഹികനീതി</u>

1. ഭിന്നശേഷി കുട്ടികൾക്ക് ബ്ലോക്ക്തല കലാ കായിക മത്സരം നടത്തുന്നതിന് ആവശ്യമായ ഫണ്ട് നീക്കി വെക്കൽ
2. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് (ബ്ലോക്ക് വിഹിതം) നൽകുന്നതിനായി ഫണ്ട് അനുവദിക്കൽ

3. ചാരിറ്റിബിൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പകൽ വീടിന് പ്രവർത്തനത്തിന് ആവശ്യമായ സഹായം നൽകൽ
4. വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പ് നടത്തി ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകൽ
5. ബഡ്സ് സ്ക്കൂൾ വാഹന പരിപാലനം, ടീച്ചർ, ആയ ഹോണറേറിയം നൽകുന്നതിന് ഫണ്ട് വകയിരുത്തുക
6. ബഡ്സ് സ്ക്കൂൾ ദൈനംദിന ചെലവുകൾക്ക്ഫണ്ട് വകയിരുത്തുക

## ആരോഗ്യം

1. 5 പഞ്ചായത്തുകൾക്ക് പാലിയേറ്റീവ് വിഹിതം നൽകണം
2. Geriateric Ward സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ കൊണ്ട് വരുക
3. താന്ന്യം പഞ്ചായത്തിലെ തൃപ്രയാർ എഫ്.എച്ച്.സി.യിലെ മാമോഗ്രാം യൂണിറ്റിന് സാമ്പത്തിക സഹായം നൽകുന്നതിന് പദ്ധതികൾ നടപ്പിലാക്കുക
4. അസി.എഞ്ചിനീയർക്ക് ബി.എഫ്.എച്ച്.സി.ആലപ്പാടിലെ കിണർ, ചുറ്റുമതിൽ നിർമ്മിക്കുക. Take a Breake, Coffee Shop, Dinning Hall, General-Waste-Keeping room-Tilline- Parking Place (കെട്ടിടം പൊളിക്കുന്ന അവസരത്തിൽ)
5. നിലവിലെ പ്രൊജകറ്റ്സ് - Continue
6. മരുന്ന് ഉപകരണങ്ങൾ, Dental Consumbles Lab reagents- 15 L
7. Contingency – 8L
8. Day time Doctors salary – 726000
9. Night time doctors salary – 726000
10. Lab Technician salary – 291000
11. Pharmacist Salary – 291000
12. Secretary Paliative – 8 L

## കൃഷിയും അനുബന്ധ മേഖലയും

1. 25 ഏക്കർ വസ്തു 35+35=70+40=110 ഏക്കർ കുറുമ്പിലാവ് പടവ് ചാഴൂർ ഗ്രാമ പഞ്ചായത്ത് അത്തിച്ചാൽ പടവ്, കരാഞ്ചിറ ബണ്ട് പടവ് തരിശ്ശായി കിടക്കുന്നു. അതുകൊണ്ട് പ്രദേശ വാസികൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിസര മലിനീകരണം, കുടിവെള്ളം, ടൂറിസം എന്നീ സാദ്ധ്യതകൾ നിലവിൽ ഉണ്ട്.
2. കുണ്ടനിക്കുളം പാടം (താന്ന്യം) - സഹോദര വീഥി മുതൽ താന്ന്യം ഷാപ്പ് വരെ കാന നിർമ്മിച്ച് കൃഷിക്ക് ആവശ്യമായ ജലസൗകര്യം ലഭ്യമാക്കണം.
3. തോട്ടാൻ ചിറ പാലത്തിന്റെ സ്ലൂയീസ് പുനർ നിർമ്മിക്കണം.
4. ബ്ലോക്കിന്റെ കീഴിൽ നെല്ല് സംഭരണവും അന്തിക്കാട് എന്ന പേരിൽ അരിബ്രാന്റ് ചെയ്യുന്നതിനുള്ള നടപടി.
5. പുള്ള് പാലം മുതൽ പെരുമ്പുഴ പാലം വരെ എട്ടര കിലോ മീറ്റർ കനാൽ വൃത്തിയാക്കി ടൂറിസം ആരംഭിക്കുന്നതിന് കഴിയും.
6. മനക്കൊടി പുള്ള് റോഡ് ആവശ്യമായ രീതിയിൽ ഉയർത്തി വർഷക്കാലത്തുണ്ടാകുന്ന ഗതാഗത തടസ്സം ഒഴിവാക്കണം.

7. എല്ലാ കനാലുകളും യഥാസമയം വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് ക്രമപ്പെടുത്തണം.
8. താന്ന്യം, ചാഴൂർ പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന വെണ്ടറപ്പാടം പടവിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം.
9. വിത്ത് ഉല്പാദനവും വിത്ത് സംഭരണ ശാലയും
10. മനക്കൊടി, വെളുത്തൂർ, കൈപ്പുള്ളി, എറവ് 250 ഏക്കർ തരിശ് ആയി കിടക്കുന്നു. ജലസൗകര്യം ലഭ്യമാക്കിയാൽ തരിശ്ശായി കിടക്കുന്ന സ്ഥലം കൃഷിക്ക് അനുയോജ്യമാക്കുക
11. കാലാവസ്ഥ വ്യതിയാനം കൃഷി ഉല്പാദനം കുറയുന്നതിന് ഇടവരുന്നു. ആയത് പരിഹരിക്കുന്നതിന് നേരത്തെ കൃഷി ഇറക്കുകയും കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്നതിനും കഴിയും
12. ഉഴുന്നും ചെറുപയറും ഇടവിള കൃഷി ചെയ്യണം. കർഷകർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിന് കഴിയും
13. കൃഷി കാലകൂടി ഇറക്കുന്നതിന് ഹെർബർട്ട് കനാൽ, പൂരകൻ തോട് റഗുലേറ്റർ സിസ്റ്റം തകർന്നു കിടക്കുന്നു. റെഗുലേറ്റർ പുനരുദ്ധരിച്ച് പ്രശ്നം പരിഹാരം ഉണ്ടാക്കണം
14. മുനയം ബണ്ട് സ്ഥിര ബണ്ട് ആക്കുന്നതിന് നടപടി സ്വീകരിക്കണം
15. മുനയം ബണ്ട്, ഏനാമാവ് വളയം കെട്ട്, സ്ഥിരമായ ഷട്ടർ സംവിധാനം ഒരുക്കണം
16. നെൽകൃഷിക്ക് കൂലിചെലവ് വർദ്ധിപ്പിക്കണം
17. വാര്യം പടവ്, മനക്കൊടി കൽക്ക മുതൽ മുതലമട വരെ വെള്ളം കൊണ്ടുപോകുന്നതിന് കാന നിർമ്മിക്കണം
18. എല്ലാ പടവുകളിലും വെള്ളം കൊണ്ടു പോകുന്നതിന് കാട ചാലുകൾ വൃത്തിയാക്കി വെള്ളത്തിന്റെ ഒഴുക്ക് കൃത്യത വരുത്താൻ ശ്രദ്ധിക്കുക
19. ഫാം റോഡുകൾ നിർമ്മിക്കണം.
20. കാർഷിക രംഗത്ത് ആധുനികവത്ക്കരണം നടപ്പിലാക്കാൻ ഡ്രോൺ സംവിധാനം ബ്ലോക്കിന്റെ കീഴിൽ കൊണ്ടു വരണം
21. എല്ലാ പാടശേഖര സമിതികളും ഈർപ്പം നോക്കുന്നതിന് ആവശ്യമായ ഉപകരണം ലഭ്യമാക്കണം
22. അലങ്കാര മത്സ്യ കൃഷി നടത്തുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക
23. കാർഷിക രംഗത്ത് യുവജനങ്ങൾ നടത്തുന്ന കാർഷിക സംഭരണങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുക
24. മണലൂർ ഗ്രാമപഞ്ചായത്ത് വാർഡ് 1, പാലാഴി മാമ്പിള്ളിയിൽ ചെറുചീർപ്പിൽ
25. ഉപ്പുവെള്ളം കയറാതിരിക്കാൻ തടയിണ കെട്ടാൻ പദ്ധതി രൂപീകരിക്കണം
26. അരിമ്പൂർ പഞ്ചായത്ത് 4, 5 വാർഡുകളിൽ കുടിവെള്ളക്ഷാമം ഇല്ലാതിരിക്കാൻ
27. ചേറ്റുപുഴ മുതൽ ഏനാമാവ് കായലിൽ നിന്ന് അഗ്രി പൈപ്പ് മുഖേന മെയിൻ ജലസ്രോതസ്സ് ആയ പുത്തൻകുളത്തിലേക്ക് ജലം എത്തിക്കുന്നതിനുള്ള പദ്ധതി രൂപീകരണം
28. മണലൂർ ഗ്രാമപഞ്ചായത്ത് ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന മാമ്പിള്ളി ചെറു പീർപ്പിൽ കൂടി ഉപ്പുവെള്ളം കയറി താനാപ്പാടം നെൽകൃഷിയും തെങ്ങിൻ തോപ്പുകളും നശിക്കുന്നു. അതുകൊണ്ട് മാമ്പിള്ളി ചെറുചീർപ്പു രാമൻ കായൽ

വലിയ ചീർപ്പിനും ഉപ്പുവെള്ളം കയറാതിരിക്കാൻ ഷട്ടർ നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

29. ചേറ്റുപുഴ മുതൽ ഏനാമാവ് വരെയുള്ള പുഴയിൽ നിന്നും അരിമ്പൂർ പഞ്ചായത്തിലെ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പുത്തൻകുളത്തിലേക്ക് ഡി പൈപ്പ് വഴി ജലം എത്തിക്കുന്നതിലൂടെ 4, 5, 6 വാക്കുകളിലേക്ക് കുളത്തിൽ നിന്നും മോട്ടോർ വഴി ജലം എത്തിക്കാനും അതുവഴി കൊയ്ത്ത് കാലത്ത് വാർഡുകളിൽ അനുഭവിക്കുന്ന വരൾച്ച ഇല്ലാതാക്കാൻ കഴിയും. കിണറുകൾ റീചാർജ്ജ് ചെയ്യപ്പെടും. കുടി വെള്ളക്ഷാമം പരിഹരിക്കാൻ കഴിയും. മേൽ പറഞ്ഞ കുളത്തിലേക്ക് നിലവിൽ ജലം എത്തുന്നു. പാടം വഴി ആയത് കൊണ്ട് കൊയ്ത്ത് കാലത്ത് നിലവിലെ ചാലുകൾ വഴി ജലം പ്രവർത്തിക്കാനാകില്ല എന്ന പ്രതിസന്ധി പരിഹരിക്കാനാണ് മേൽ പറഞ്ഞ പദ്ധതി പ്രകാരം നടപ്പിലാക്കേണ്ടതാണ്.

## മൃഗസംരക്ഷണം, ക്ഷീരവികസനം

1. കാലിത്തീറ്റയ്ക്കുള്ള സബ്സിഡി തുക 12 മാസവും നൽകുന്നതിനുള്ള സാധ്യത ഉണ്ടാവണം
2. വി.പി.എൽ. അന്തിക്കാടിന് മരുന്ന് വാങ്ങൽ പദ്ധതിക്ക് ഫണ്ട് കൂടുതൽ വകയിരുത്തണം
3. പാലിന് സബ്സിഡി നൽകുന്ന പദ്ധതി, ഗുണഭോക്താവിനു നൽകുന്ന സബ്സിഡി ഉയർത്തുന്നതിന് ഗൈഡ് ലൈനിൽ മാറ്റം വരുത്തുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
4. കന്നുകുട്ടി പരിപാലന പദ്ധതി (SLBP) നിലവിൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഫണ്ട് ഇല്ലാത്തതിനാൽ ഫുൾ പഞ്ചായത്ത് ഫണ്ട് ഉയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് സംവിധാനം ഉണ്ടാവണം
5. പശുവിതരണ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ക്ഷീരസംഘങ്ങളെ കൂടി ഉൾപ്പെടുത്തണം
6. പാലിന് ക്ഷീരകർഷകർക്ക് ലഭിക്കുന്ന വില കൂടുന്നതിനും കാലിത്തീറ്റയ്ക്ക് വില കുറയുന്നതിനുമുള്ള സംവിധാനം ഉണ്ടാവണം
7. വീണുകിടക്കുന്ന പശുക്കളെ ഉയർത്തുന്നതിന് ആവശ്യമായ ഇീംഹശളശേഴ ങമരവശില എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വാങ്ങി നൽകുന്നതിന് സംവിധാനം വേണം.
8. പശു/എരുമ എന്നീ ഉരുക്കൾക്കും ക്ഷീരകർഷകർക്കും ഇൻഷൂറൻസ് പദ്ധതി സബ്സിഡി നിരക്കിൽ നടപ്പിലാക്കണം
9. ചാണകം പൊടിച്ചു നൽകുന്നതിന് ബ്ലോക്ക് തലത്തിൽ സംവിധാനം ഉണ്ടാവണം
10. തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി വേണം
11. പുതുതലമുറയെ കാർഷിക മൃഗക്ഷേമ വൃത്തിയിലേക്ക് ആകർഷിക്കുന്നതിന് ഉതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. തൊഴുത്ത്, ഉരുക്കൾ മറ്റു പ്രാഥമിക സൗകര്യങ്ങൾക്ക് സബ്സിഡി നൽകുന്ന ഒരു പദ്ധതി
12. ക്ഷീരകർഷകർക്ക് 3 മാസം കൂടുമ്പോളെങ്കിലും ബ്ലോക്ക് തലത്തിൽ പരിശീലനം നൽകുന്നതിനുള്ള സംവിധാനം വേണം

13. ക്ഷീര കർഷകർക്ക് ഒരു സഹായം എന്ന നിലയിൽ ഒന്നോ രണ്ടോ ദിവസം വീട്ടിൽ നിന്നുംമാറി താമസിക്കുന്ന സാഹചര്യം വരുമ്പോൾ പശുക്കളെ സംരക്ഷിക്കുന്നതിനുള്ള ഒരു താല്ക്കാലിക സംവിധാനം ബ്ലോക്കടിസ്ഥാനത്തിൽ വേണം.

## കുടിവെള്ളം, ശുചിത്വം

1. കിഫ്ബി കുടിവെള്ള പദ്ധതി അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കണം, കഴിഞ്ഞില്ലെങ്കിൽ ബദൽ സംവിധാനം ഒരുക്കണം
2. അരിമ്പൂർ ജലസേചന പദ്ധതി പാതിവഴിയിൽ ഉപേക്ഷ നിലയിൽ ആണ്. പദ്ധതി നടപ്പാക്കാനുള്ള ഇടപെടൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഉണ്ടാകണം
3. ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തീരദേശ മേഖലയിൽ ടാങ്കർ വെള്ളം എത്തിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപെടൽ ഉണ്ടാകണം
4. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പൊതു കിണറുകൾ നവീകരണം - സോളാർ പദ്ധതി ഉപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കൽ
5. ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള പൊതു കുളങ്ങളുടെ നവീകരണം
6. കാലങ്ങളായി ആവശ്യപ്പെടുന്ന ഒരു വാർഡിൽ ഒരു മിനി എം.സി.എഫ് നിർമ്മാണം എല്ലാ വാർഡിലും നടപ്പിലാക്കണം
7. പടിയം ജലസേചന പദ്ധതി പാതിവഴിയിൽ ഉപയോഗിച്ച നിലയിൽ ആണ്. പ്രവൃത്തി നടപ്പിലാക്കി കൃഷി ആവശ്യത്തിനായി നടപ്പിലാക്കണം
8. താന്ന്യം പഞ്ചായത്തിലെ മതിലെട്ടുകുളം ചീർപ്പ് സ്ഥാപിച്ച് പണി പൂർത്തീകരിക്കണം
9. ബ്ലോക്ക് പഞ്ചായത്തിൽ ഡയപ്പർ ഡിസ്ട്രോയർ നടപ്പിലാക്കണം
10. പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപക്കുന്നവർക്കെതിരെ ശിക്ഷാ നടപടി നടപ്പിലാക്കണം
11. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിനു സമീപം ഉള്ള താന്ന്യം ഗ്രാമപഞ്ചായത്തിന്റെ പബ്ലിക് ടോയ്ലറ്റ് കാനയുടെ മുകളിൽ നിന്നും മാറ്റി സ്ഥാപിക്കൽ
12. പെരിങ്ങോട്ടുകര മൂന്നും കൂടി സെന്ററിൽ വാട്ടർ എ.ടി.എം നടപ്പിലാക്കുക
13. താന്ന്യം ഗ്രാമപഞ്ചായത്ത് ക്രിമിറ്റോറിയത്തിൽ ചിമ്മിനി സ്ഥാപിക്കൽ
14. പെരിങ്ങോട്ടുകര നാലും കൂടി സെന്ററിൽ വാട്ടർ എ.ടി.എം-ൽ നിന്നും രീശി സംവിധാനം ഒഴിവാക്കി വാട്ടർ ബൂത്ത് നടപ്പിലാക്കുക
15. നേതാജി റോഡ് കാന നിർമ്മാണം
16. അന്തിക്കാട് ഗ്രാമപഞ്ചായത് 16-ാം വാർഡ് റേഷൻകട മുതൽ കിഴക്കോട്ട് കാന നിർമ്മിച്ച് ഹോമിയോ ഡിസ്പൻസറി പുറകുവശത്തു വഴി പുഴയിലോട്ട് നിർമ്മാണം
17. ബ്ലോക്ക് പഞ്ചായത്തിന് സമീപം ഒഴുകുന്ന കാന നവീകരണം, മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വികരിക്കുക

## വിദ്യാഭ്യാസം

1. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ യു.പി.സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസന പരിശീലനം സംഘടിപ്പിക്കുക

2. പിന്നോക്കം നിൽക്കുന്ന ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന പരിശീലനം സംഘടിപ്പിക്കുന്നതിന് പദ്ധതി ഏറ്റെടുക്കുക
3. വിദ്യാർത്ഥികളുടെ കലാ കായിക മികവ് വളർത്തുന്നതിന് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുക
4. ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ കളിസ്ഥലം നിർമ്മിക്കുക
5. പദ്ധതിയുമായി സംയോജിപ്പിച്ച് സർക്കാർ സ്ക്കൂളിൽ ഡൈനിംഗ് ഹാൾ നിർമ്മിക്കുക
6. വിദ്യാർത്ഥികൾക്ക് സന്നദ്ധ പ്രവർത്തകരായ യുവതി യുവാക്കളെ പങ്കെടുപ്പിച്ച് പഠന പരിപോഷണം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക
7. എല്ലാ ഹൈസ്ക്കൂളിലും ശുചിത്വ സംവിധാനം ഉറപ്പ് വരുത്തുക
8. ഗ്രാമ/ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ പശ്ചാത്തല വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക
9. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗീകൃത വായനശാലകൾക്ക് ഫർണീച്ചർ,
10. കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുക
11. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ ഡോക്ടർമാർ, പാരമെഡിക്കൽ ജീവനക്കാർ എന്നിവരെ ഉൾപ്പെടുത്തി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക
12. പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സ്ഥാപിച്ച് പഠന പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികൾക്ക് അധിക പഠന പിന്തുണ നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുക
13. വർദ്ധിച്ച് വരുന്ന ലഹരിയുടെ ഉപയോഗം ഒഴിവാക്കുന്നതിനും വിദ്യാർത്ഥികളിൽ അവബോധം ഉണ്ടാക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
14. ഹോർമോൺ വ്യത്യാസം, ശാരീരികമായ ക്രമമല്ലാത്ത വളർച്ച മുതലായ റോൾ കൺഫ്യൂഷൻ എന്നിവ നേരിടുന്ന യു.പി.സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി സെക്സ് എഡ്യുക്കേഷൻ മാനസിക പിന്തുണ എന്നിവയ്ക്ക് ക്ലാസ്സുകൾ ഇൻഡ്രാക്റ്റീവ് സെഷനുകൾ കൗൺസലിംഗ് എന്നിവ സംഘടിപ്പിക്കുക
15. മാറിയ കാലാവസ്ഥയിൽ വെയിലും മഴയും കാരണം പുറത്തുള്ള കായിക വ്യായാമം സാധ്യമാകാത്ത അവസ്ഥയിൽ ടേബിൾ ടെന്നീസ് പോലുള്ള കായിക ഇനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് പദ്ധതി ഏറ്റെടുക്കുക
16. ഹൈസ്ക്കൂൾതലം വരെയുള്ള കുട്ടികൾക്ക് കായിക പരിശീലനത്തിന്റെ ഭാഗമായി ജൂഡോ പരിശീലനം ഏറ്റെടുക്കുക
17. കേരളോത്സവം നടത്തുന്നതിന് പദ്ധതി ഏറ്റെടുക്കുക
18. വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി വഴി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ യുവതി യുവാക്കൾക്ക് കലാപരിശീലനം നൽകുന്നതിന് പദ്ധതി ഏറ്റെടുക്കുക

# അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്

**അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27-ലെ**

## ബ്ലോക്ക് സഭ പദ്ധതി നിർദ്ദേശങ്ങൾ

## മണലൂർ ഗ്രാമപഞ്ചായത്ത്

1. എസ്.സി.വിഭാഗക്കാർക്ക് സ്ഥലം വാങ്ങുന്നതിന് ഫണ്ട് വെയ്ക്കണം
2. ജനറൽ വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് ഫണ്ട് വെക്കണം
3. ജനറൽ, എസ്.സി വിഭാഗം വനിതകൾക്ക് ഡ്രൈവിംഗ് പരിശീലനം ഇരുചക്ര വാഹനം സബ്സിഡി
4. ഡയപ്പർ സംസ്കരണ യൂണീറ്റ്
5. നിർമ്മാണം സംയുക്ത പദ്ധതി
6. പകൽവീട് നിർമ്മാണം സംയുക്ത പദ്ധതി മറ്റു പദ്ധതികൾക്ക് പദ്ധതി
7. തെരുവു നായകൾക്ക് എ.ബി.സി പദ്ധതിയ്ക്കും ഉൗഴെ ഒ്ാല പദ്ധതിയ്ക്കും സംയുക്ത പദ്ധതി
8. ചാണകം സംസ്കരണത്തിന് ഡ്രയർ സംയുക്ത പദ്ധതി
9. കറവ യന്ത്രം വിതരണം

**പട്ടികജാതി**

1. വാർഡ്-16, വാർഡ് - 13 ലക്ഷം വീട് എസ്.സി. നഗർ റോഡ് പൂർത്തീകരണത്തിനും കനാൽ നിർമ്മാണം
2. എസ്.സി. നഗർ നവീകരണം
3. മണലൂർ വാർഡ് - 1 - മാമ്പുള്ളി സ്കെന്റ് നഗർ പോകുന്ന സെറ്റിൽമെന്റ് രാമൻകായൽ ചീപ് അപ്രോച്ച്മെന്റ് ടാറിംഗ് ( വെള്ളക്കെട്ട് ഒഴിവാക്കി ഉയർത്തി റീടാറിംഗ്)
4. 4 സെന്റ് എസ്.സി നഗർ വാർഡ് 17 സോളാർ ലൈറ്റ് നഗർ പുനരുദ്ധാരണം - അംബേദ്കർഗ്രാമം
5. രാജീവ് ജി ലിങ്ക് റോഡ് സോളാർ ലൈറ്റ്
6. ചാലിശ്ശേരി എസ്.സി.നഗർ മിനിമാസ്സ് ലൈറ്റ്,് ഓപ്പൺ ജിം
7. എസ്.സി. നഗർ ഐശ്വര്യ ഗ്രാമം - വാർഡ് 12 കല്ലേരിമന നഗർ
8. പുത്തൻ കുളത്തിന് സമീപം എസ്.സി. റോഡ് നിർമ്മാണം

**മൃഗ സംരക്ഷണം**

1. തെരുവ് നായകൾക്ക് ഷെൽട്ടർ നിർമ്മാണം
2. ഡ്രയർ - ചാണകം സംസ്കരണത്തിന്
3. കറവ യന്ത്രം വിതരണം

**കൃഷി അനുബന്ധ മേഖല**

1. ചാത്തൻകുളങ്ങര പാടശേഖരത്തിന്റെ മോട്ടോർ ഷെഡ്ഡിന്റെയും സ്ലൂയീസ് കനാൽ പുനരുദ്ധാരണം
2. 1500 മീറ്റർ നീളത്തിൽ ചാത്തൻ പുതിയ കനാൽ
3. മണലൂർ താനാപ്പാടം പാടശേഖരത്തിലെ സ്ലൂയീസ് നിർമ്മാണം
4. കോലുമാടം ചെക്ക് ഡാം നിർമ്മാണം - വാർഡ് 14

5. വിഞ്ജാൻ കെ പ്രകാശ് റോഡ് സൈഡ്കെട്ട് - വാർഡ് 14
6. കർഷക ലിങ്ക് റോഡ് സൈഡ് കെട്ട് - വാർഡ് 14
7. മദർതെരേസ റോഡ് സൈഡ്കെട്ട് - വാർഡ് 14
8. കൈതവളവ് റോഡ് നിർമ്മാണം

**വനിതക്ഷേമം**

ബ്ലോക്ക് അതിർത്തിയിലെ കുടുംബശ്രീ യൂണിറ്റുകളുടെ കേന്ദ്രീകൃതമായ പ്രവർത്തന ങ്ങൾക്ക് പ്രോജക്റ്റ് വേണം

**പശ്ചാത്തലം**

1. അന്തിക്കാട് - മുല്ലശ്ശേരി ബ്ലോക്കുകളെ ബന്ധിപ്പിക്കുന്നതിന് ഏനാമാവ് കടവിൽ നടപ്പാലത്തോട് ബന്ധപ്പെടുത്തി വാഹന ഗതാഗതത്തിനുള്ള പാലം നിർമ്മിക്കുക
2. മണലൂർ പഞ്ചായത്തിൽ കനോലി കനാലിന്റെ 2 കിലോമീറ്റർ നീളത്തിൽ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുക (ജില്ലാ പഞ്ചായത്തിന് കൈമാറാൻ)
3. പൂവശ്ശേരികുളം നവീകരിച്ച് നീന്തൽ കുളമാക്കി മാറ്റാനുള്ള ആവശ്യമായ സജ്ജീകരണം നൽകണം

**വിദ്യാഭ്യാസം**

1. സ്പോർട്സ്/ആർട്സ് വിഭാഗത്തിൽ സ്റ്റേറ്റ്, ജില്ലാതലം നാഷണൽ എന്നിവയിൽ പങ്കെടുക്കുന്ന പിന്നോക്ക കുടുംബങ്ങൾക്ക് സ്കോളർഷിപ്പ് (പട്ടികജാതി)
2. ഡിസിബിലിറ്റി കുട്ടികളുടെ അമ്മമാർക്ക് സബ്സിഡി തുക അടക്കമുള്ള സ്വയം തൊഴിൽ ധനസഹായം
3. ടറഫ് നിർമ്മാണം

**ശുചിത്വം - കുടിവെള്ളം**

1. മണലൂർ ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത ഭാഗങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുക
2. മണലൂർ പഞ്ചായത്തിൽ ഉപ്പുവെള്ളം കയറി രാമൻകായൽ ശുദ്ധജല പ്രദേശം ആകാൻ ബ്ലോക്ക് ഫണ്ട് ചെയ്യുക
3. എസ്.സി.കുടുംബത്തിന് എല്ലാ വാർഡുകളിലേക്കും കിണർ നിർമ്മാണം (ബ്ലോക്ക് ഫണ്ട്)
4. ചിറക്കാപ്പ് കുളം ശുദ്ധീകരിച്ച് പാർക്കിംഗ് സൗകര്യമുൾപ്പെടെ നിർമ്മിക്കുക
5. മണലൂർ പഞ്ചായത്തിലെ 2-ാം വാർഡിൽ ഏറെ കുറെ തോടുകൾ ചേറ് മാറ്റി ശുദ്ധീരിക്കുക
6. കാഞ്ഞാംകുളം പുനരുദ്ധാരണം
7. വാർഡ് 17-ൽ ഇറിഗേഷൻ കനാൽ ചേറും മാലിന്യവും നീക്കി ശുദ്ധീകരിക്കുക
8. വാർഡ് 12-ൽ കുടിവെള്ള പദ്ധതി, എസ്.സി നഗർ റോഡ് കനാൽ നവീകരണം
9. എം.ജി.റോഡ് (എസ്.സി നഗർ) കുടിവെള്ളം - വാർഡ് 7
10. ഡയപ്പർ സംസ്കരണം - സൗഹൃദ റോഡ്, ശ്രീനാരായണ റോഡ്, ടൈറ്റളവ് റോഡ് (വാർഡ് 21)

**വാർഡ് - 17**

1. കാരമുക്ക് 4 സെന്റ് കോളനി റോഡ് കോൺക്രീറ്റിംഗ് & ടാറിംഗ്
2. ആശുപത്രി റോഡ് റീ ടാറിംഗ്
3. ആശുപത്രി റോഡിലെ പാലം പുതുക്കി പണിയുക
4. ചാലിശ്ശേരി കുളത്തിന് സമീപം ഓപ്പൺ ജിം
5. ചാലിശ്ശേരി കുളത്തിന് സമീപം മിനിമാസ് ലൈറ്റ്സ്
6. മഹാത്മാ റോഡിന്റെ അറ്റത്ത് ഇറിഗേഷൻ കനാലിന്റെ സമീപം കൈവരി വെയ്ക്കുക
7. നായ ശല്യത്തിന് ശാശ്വത പരിഹാരം
8. പൊതു കിണർ - 2

9. വയോജനങ്ങൾക്ക് കെട്ടിടം
10. കാരമുക്ക് നാല് സെന്റ് ഗ്രാമീൺ നഗർ ഹൈമാസ് ലൈറ്റ്
11. ലൈബ്രറി
12. വാർഡിനകത്ത് വാർത്താ ബോർഡുകൾ
13. ഒലീവ് സ്ട്രീറ്റിൽ തെരുവ് വിളക്കുകൾ
14. ഇറിഗേഷൻ കനാലിൽ നിന്ന് ചെളി എടുത്ത് കനാൽ മെയിന്റനൻസ്
15. നാല് സെന്റ് കോളനി കാന നിർമ്മാണം.
16. കുളം നവീകരണം
17. ചാലിശ്ശേരി എസ്.സി. നഗറിലേക്കുള്ള വഴി റീടാറിംഗ്
18. ചാലിശ്ശേരി എൻക്ളേവ് റീ ടാറിംഗ്
19. മഹാത്മാ റോഡിൽ കാന നിർമ്മാണം
20. മെച്ചൂർ റോഡ് തെരുവ് വിളക്കുകൾ സ്ഥാപിക്കുക
21. കുടിവെള്ളത്തിന് ശാശ്വത പരിഹാരം
22. അംഗനവാടി കെട്ടിടത്തിന് ചുറ്റുമതിൽ ഗേറ്റ്
23. വെള്ളക്കെട്ടിന് ശാശ്വത പരിഹാരം

## അന്തിക്കാട് ഗ്രാമപഞ്ചായത്ത്

പൊതുപ്രോജക്റ്റ് (സംയുക്തം)

1. പുലാമ്പുഴ കടവിൽ വാർഡ് 1, 2, 13, 14, 15, 16 വാർഡുകൾക്ക് സംയുക്തമായി മിനി പാർക്ക് , കയാക്കി ബോട്ടിംഗ്, വിനോദ സഞ്ചാരികളെ ആകർഷിക്കൽ

2. പൊതു ഇലക്ട്രിക്/ഗ്യാസ് ശ്മശാനം സ്ഥലം വാങ്ങുന്നതിന് / പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ബ്ലോക്ക് വിഹിതം

3. സംസ്ഥാന ഗവൺമെന്റിന്റെ ബജറ്റിൽ നിർദ്ദേശിച്ചിട്ടുള്ള ണീൃസ ചലമൃ ഒീാല പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലവിൽ ഏതെങ്കിലും സ്ഥലോ കെട്ടിടമോ ഉണ്ടെങ്കിൽ ഐ.ടി മേഖലയ്ക്ക് ഗുണകരമാകുന്ന രീതിയിൽ ഐ.ടി പാർക്കിംഗ് വേണ്ട പദ്ധതി രൂപീകരിക്കണം. (കൊട്ടാരക്കര മോഡൽ)
    1. High Speed Internet
    2. Workspace
    3. Executive Cabine
    4. Meeting Room
    5. Conference Hall
    6. Other Aminites

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ- വാർഡ് 14

2015-2020 കാലഘട്ടത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ എസ്. സി. ഫണ്ട് പ്രയോജനപ്പെടുത്തി വെള്ളം പുഴയിലേക്ക് ഒഴുകുന്ന വെടിക്കുളം ഷാപ്പ് തോട് കരിങ്കല്ല് ഭിത്തികെട്ടിതരികയും ആ വശത്തെ ഉൾവഴികൾ  കോൺക്രീറ്റ് ചെയ്തു തരികയും ചെയ്തിട്ടുണ്ട്.  തുടർന്നും ഇത്തരം പ്രവൃത്തികൾ ഇനിയും ചെയ്യേണ്ടതുണ്ട്. ആയതിനാൽ എസ്. സി. ഫണ്ട് പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മുറ്റിച്ചൂർ ലക്ഷം വീട് ഭാഗത്തുള്ള കാനകൾ 30 വർഷത്തിലും അധികമായി പണിതു കൊടുത്തിട്ടുണ്ട്. അതെല്ലാം പൊട്ടി പൊളിഞ്ഞ് അപകടാവസ്ഥയിലാണ്. അവിടുത്തെ റോഡും കാനകളും പുനർനിർമ്മിച്ചു തരണം.

1. ശാന്താ സോളമൻ വാർഡ് 14 തന്ന കത്തിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തണം
2. 16-ാം വാർഡ് ശ്രീമുരുഗ റോഡ്, കാന നിർമ്മാണം
3. 13-ാം വാർഡ് ശാസ്താംകുളം റോഡ് കോൺക്രീറ്റിംഗ്
4. 10-ാം വാർഡ് ഭാവന അംഗൻവാടി, കൾവർട്ട്, റോഡ്, കാന വഴിവിളക്ക്
5. 10-ാം വാർഡ് ഐക്യനഗർ കോളനിയിൽ കട്ട വിരിച്ച ഭാഗത്തിനു ശേഷം പൂർത്തിയാകാത്ത ഭാഗങ്ങളിൽ പണികൾ തീർക്കണം
6. വന്നേരി മൂലയിൽ നിന്ന് ഇറിഗേഷൻ കനാലിലേക്കുള്ള തോട് മുഴുവനാക്കുക
7. വാർഡ് 11-ൽ 62-ാം നമ്പർ അംഗനവാടിക്ക് കെട്ടിടം
8. കമ്പ്യൂട്ടർ പരിശീലനം
9. 3-ാം വാർഡ് വടക്കേ ആലിൽ നിന്ന് പടിഞ്ഞാറ് ഭാഗത്തുള്ള ട്രാൻസ്ഫോർമർ പരിസരത്തുള്ള എസ്.സി.കുടുംബങ്ങൾക്ക് വഴി ശരിയാക്കി കൊടുക്കുക
10. 9-ാം വാർഡ് ചിൽഡ്രൻസ് റോഡിൽ പഞ്ചായത്ത് കുളത്തിൽ നിന്ന് വെള്ളം പോകുന്നതിന് കൾവർട്ട് കാന നിർമ്മാണം
11. അകായ് ഉന്നതിയിൽ കുടിവെള്ളം എത്തിക്കണം
12. 5-ാം വാർഡ് ആൽകോൾ ലിങ്ക് റോഡ് കാന ഇടിഞ്ഞത് പുനർ നിർമ്മിക്കണം
13. തീരദേശ മേഖലയിൽ ഉപ്പ് വെള്ളം കയറുന്നത് തടയുന്നതിനാവശ്യമായ പദ്ധതികൾ രൂപീകരിക്കണം
14. റോഡ് നവീകരണം - മുറ്റിച്ചൂർ കടവ് റോഡ് മുതൽ കാരാമാക്കൽ വരെയുള്ള റോഡിന്റെ നവീകരണം
15. പുത്തൻപീടിക സെന്റർ മുതൽ കിഴക്കോട്ട് എ.ടി.സി. റോഡ് നവീകരണം
16. പുത്തൻ പീടിക വികാസ് കോംപ്ലക്സ്ന് മുൻഭാഗം മുതലുള്ള കാന വൃത്തിയാക്കൽ
17. 11-ാം വാർഡ് ആല-വലിയ വരമ്പ് റോഡിൽ തകർന്ന് കിടക്കുന്ന കൾവർട്ട്

കെ.ആർ. ചുമ്മാർ ആയുർവ്വേദ ആശുപത്രി അന്തിക്കാട് പഞ്ചായത്തിലാണ്. പ്രൈമറി ഹെൽത്ത് സെന്റർ പഞ്ചായത്തിന്റെ കീഴിലാണ്. ആയുർവ്വേദ ആശുപത്രി യിൽ നമ്മുടെ ബ്ലോക്ക് പഞ്ചായത്തിലെ 5 പഞ്ചായത്തിൽ നിന്നും അതിനു പുറത്തുള്ള ധാരാളം രോഗികളാണ് ചികിത്സക്ക് എത്തുന്നത്. അതിനാൽ ആശുപത്രി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലാക്കണമെന്നും അവിടുത്തെ ചികിത്സക്ക് ആവശ്യമായ ഫണ്ട് ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും കൂടി സംയുക്ത പ്രോജക്റ്റാക്കി മാറ്റണമെന്ന് നിർദ്ദേശിക്കുന്നു.

# ചാഴൂർ ഗ്രാമപഞ്ചായത്ത്

1. എ. ബ. സി പ്രോഗ്രാം
2. ക്രിമിറ്റോറിയം
3. ഡ്രോൺ വാങ്ങികൃഷിക്ക് ഉപയോഗിക്കുന്നതിന്
4. വെള്ളക്കെട്ടിന് സാധ്യതാ പഠനത്തോടൊപ്പം തോടുകൾ ക്ലീൻ ചെയ്യുന്നതിനും
5. വനിതകൾക്ക് ആവശ്യമായ രീതിയിലുള്ള വിറ്റാമിൻ ഡി, ബി 12 തുടങ്ങിയവ ടെസ്റ്റ് ചെയ്യണം
6. മൊബൈൽ ഫ്രീസർ
7. തോടുകളുടെ സൈഡ് കെട്ടി സംരക്ഷണം (മെയിൻ തോടുകൾ അല്ലാതെയുള്ളവ) (ആമത്തോട്, ചിറത്തോട്, ചാഴൂർ, താന്ന്യം തോട്)
8. കൊറ്റം കോട് പാലം കാട്ടൂർ കടവ് ഷട്ടർ പ്രവർത്തന സജ്ജമാക്കണ്
9. പ്ലാസ്റ്റിക് റിസൈക്ലിംഗ് യൂണിറ്റ്
10. നീന്തൽ പരിശീലനം കുളങ്ങൾ നിർമ്മിക്കുക
11. 13-ാം വാർഡിലെ ഐശ്വര്യ അംഗനവാടിക്ക് സ്വന്തമായി സ്ഥലം കണ്ടെത്തുന്നതിനായി ഫണ്ട് അനുവദിക്കുക
12. ഹോളി ഫാമിലി റോഡിലെ ആമത്തോട് പാലം നിർമ്മാണം - (വാർഡ് 13-15)
13. ജൈവവള യൂണിറ്റ്
14. കൊറ്റംകുളം നവീകരണം, പോട്ടെക്കുളം
15. കോഴിക്കൂടും കോഴിയും തീറ്റയും അടങ്ങുന്ന സംയുക്തമായി
16. മാമ്പുള്ളി പടവ് സൈഡ് കെട്ടൽ, മാമ്പുള്ളി ഓവ് പൊളിച്ചു പണിയൽ
17. തേവർ റോഡ് കൾവർട്ട്
18. കിളപടവ്  സൈഡ് കെട്ടൽ
19. മെയിൻ പഞ്ചായത്ത് റോഡുകളുടെ കാനകൾ നിർമ്മാണം
20. ഭവനം വാസ യോഗ്യമാക്കൽ
21. വെണ്ടറ കോൾപടവിൽ കിടങ്ങുകൾ നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ
22. മാങ്ങാട്ടുപാടം തൃശ്ശൂർ - തൃപ്രയാർ
23. പഞ്ചായത്തിന്റെ മാലിന്യം തള്ളുന്ന കേന്ദ്രങ്ങളിൽ ക്യാമറകൾ സ്ഥാപിക്കണം
24. പകൽ വീട്
25. കളിസ്ഥലം
26. ചിറക്കൽ ഡഭാഗത്ത് കമ്മ്യൂണിറ്റി ഹാൾ
27. സേവന റോഡ് - 0.03-2.5. മീറ്റർ വീതി
28. സേവന ലിങ്ക് റോഡ് - 0.06-1.3 മീറ്റർ വീതി
29. കരൂപ്പാടം പുളിക്കൻകടവ് റോഡ്, ട്രാൻസ്ഫോർമർ ഇരിക്കുന്ന സ്ഥലതതിന്റെ സൈഡ് കെട്ടി സംരക്ഷിക്കുക
30. അംഗനവാടി പുനർ നിർമ്മാണം(ധന്യ അംഗനവാടി 15 വാരഡ്, സി.പി. ഡബ്ലിയു.പി കുറുമ്പിലാവ് വാർഡ് -10)
31. അംഗൻവാടി പുനർനിർമ്മാണം (വിവേക് അംഗൻവാടി, പ്രിയ അംഗൻവാടി വാർഡ് - 8)
32. എടപ്പറമ്പൻ കുളം, കാട്ടിക്കോവിലകം കുളം വേനൽക്കാലത്ത് വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യം. പടവിലേക്ക് വെള്ളം എത്തിക്കണം
33. ഐശ്വര്യ റോഡിലെ കാന താന്ന്യം പഞ്ചായത്ത് അതിർത്തിയിലുള്ളതാണ്.
34. യുവധാര കേവിലകം കാന, എസ്.എൻ. റോഡിലെ കുളത്തിന്റെ സൈഡ് കെട്ടണം
35. കുട്ടികളിൽ പരിശീലനം നൽകി അപകട ഘട്ടങ്ങളിൽ ഇടപെടുന്ന സേന രൂപീകരിക്കുക
36. ആലപ്പാട് ഹോസ്പിറ്റലിൽ വാച്ച്മാനെ നിയമിക്കുക (വാർഡ് – 16)

**റോഡുകൾ**

1. ന്യൂപരുത്തിക്കാട് റോഡ് - 0.089 നീളം വീതി 3.5
2. പുല്ലേക്കാട് ലിങ്ക് റോഡ് -0.104 മീറ്റർ നീളം വീതി 3.2 മീറ്റർ
3. പുല്ലേക്കാട് ലിങ്ക് റോഡ് 2- നീളം 0.079 മീറ്റർ വീതി 3.5 മീറ്റർ
4. വിദ്യാസാഗർ റോഡ് - 0.37 മീറ്റർ നീളം വീതി
5. ജയന്തി വെണ്ണീറായി കുഞ്ഞംകോട് റോഡ് - 0.34 മീറ്റർ
6. ജയന്തി വെണ്ണീറായി ലിങ്ക് റോഡ്- 0.34 മീറ്റർ
7. ഒരുമ റോഡ് - 0.06 മീറ്റർ നീളം 3.5 വീതി
8. കെ.എസ്.ഇ.ബി റോഡ് - 230 മീറ്റർ
9. ഗ്രാമകേന്ദ്രം റോഡ് - 0.05 മീറ്റർ 3.1

**കാനകൾ**

1. അമ്പലനട റോഡിൽ കാന
2. വേലുമാൻപടി സൊസൈറ്റി റോഡിൽ കാന
3. അഞ്ച് സെന്റ് കോളനി കാന
4. പറക്കുളം ഗ്രാമീണ റോഡിൽ കാന
5. വെണ്ടശ്ശേരി ശിവക്ഷേത്ര പരിസരത്തു നിന്ന് പല്ലേപ്പാടം കാന നിർമ്മാണം

**തോട് സൈഡ് കെട്ടൽ**

പകൽ വീടിന്റെ അടുത്തുള്ള തോട്
അമ്പലനട റോഡിൽ നിന്ന് ചെമ്മാനി ഗംഗാധരൻ വീടിന്റെ അടുത്തുള്ള തോട് സൈഡ്കെട്ടൽ

**വാർഡ് - 1**

1. പുത്തൻപീടിക വപ്പുഴ റോഡ് റീടാറിംഗ് പൂർത്തീകരണം
2. കൃഷ്ണൻ സ്മാരക റോഡ് റീടാറിംഗ് പൂർത്തീകരണം
3. കൃഷ്ണൻ സ്മാരക റോഡ് സൈഡ് കെട്ടി പൂർത്തീകരണം
4. കാന നിർമ്മാണം
5. ത്രിവേണി റോഡ് പടിഞ്ഞാറെ അറ്റം താഴ്ന്ന ഭാഗം ടാറിംഗ് നടത്തണം

1. വെണ്ടറ കോൾ പടവിൽ കിടങ്ങുകൾ നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണം
2. മങ്ങാട്ടുപാടം TCR - TPR റൂട്ടിൽ ഉള്ള പാലം അടിയിൽ കല്ല് ഇളകി അപകടാവസ്ഥയിലാണ്. അതിന് പരിഹാരം ഉണ്ടാകണം

**വാർഡ് 15**
**റോഡ് നിർമ്മാണം**

1. കുറുപ്പം റോഡ് - 0.12 മീടർ നീളം, 3 മീറ്റർ വീതി (ചാഴൂർ കോവിലകം പി.ഡബ്ലിയു.ഡി റോഡ്- മൃഗാശുപത്രി റോഡ്)
2. കുറുപ്പം ലിങ്ക് റോഡ് - 146 മീറ്റർ നീളം, 3.2 മീറ്റർ വീതി (കുറുപ്പം റോഡ് - പനയിൽ വിലാസിനി)
3. അനുഗ്രഹ നഗർ റോഡ് - 0.11 മീറ്റർ നീളം, 3.8 മീറ്റർ വീതി (അമ്പലനട - ശ്രീ വത്സം ഉണ്ണികൃഷ്ണൻ)
4. അനുഗ്രഹ നഗർ റോഡ് - 0.05 മീറ്റർ നീളം, 3.8 മീറ്റർ വീതി (അമ്പലനട - ചാലിശ്ശേരി ആന്റോ)
5. കെ.എസ്.ഇ.ബി റോഡ് - 85 മീറ്റർ നീളം, 3.7.മീറ്റർ വീതി ( പഴുവിൽ ആലപ്പാട് പി.ഡബ്ലിയു.ഡി റോഡ് - പാടം)

6. പടിലപറമ്പ് പള്ളിവക റോഡ് - 0.08 നീളം, 3 മീറ്റർ വീതി 9 പടിലപറമ്പ് റോഡ്- പുഷ്പ ചെറിയേരി)
7. കാരാൻമൂല ഹോളിഫാമിലി റോഡ് - 0.17 നീളം, 3 മീടർ വീതി,(പഴുവിൽ ആലപ്പാട് ഡബ്ലി.യു.ഡി റോഡ് - നജീബ് എലുവത്തിങ്കൽ)
8. സേവന റോഡ് - 0.03 മീ. നീ, 2.5. മീ.വീ (ആലപ്പാട് പി.ഡബ്ലിയു.ഡി റോഡ് - സേവാങ്കുഴി സലീം വീട്)
9. സേവന ലിങ്ക് റോഡ് - 0.06 മീ.നീ, 1.3 മീ.വീ ( സേവന റോഡ് - ചാലിശ്ശേരി ആന്റോ)

**വാർഡ്  - 13**

1. ആമത്തോട് ഇരുവശവും കെട്ടി സംരക്ഷിക്കൽ
2. ഐശ്വര്യ അംഗനവാടി വർഷങ്ങളായി വാടക കെട്ടിടത്തിൽ സൗകര്യങ്ങളില്ലാതെ പ്രവർത്തിക്കുന്നു.  ഇപ്പോൾ തുടർന്നു പോകുന്ന രീതിയിൽ നടത്താൻ സാധ്യമല്ലെന്നും മുകളിൽ നിന്നും നിർദ്ദേശം വന്നിരുന്നു.  ടി സ്ഥലത്തിനു വേണ്ടി (ഐശ്വര്യ അംഗനവാടിക്കു വേണ്ടി) ഒരു 3 സെന്റ് സ്ഥലം ഇഷ്ടദാനം ചാഴൂർ ഗ്രാമപഞ്ചായത്തിന് നൽകിയെങ്കിലും ബി.ടി.ആർ നിലവും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടലിട്ടില്ലാത്തതുമാണ്.  4 വർഷത്തിലധികമായി തരം മാറ്റത്തിന് കൊടുത്തെങ്കിലും ഈ നാൾ വരെ തരംമാറ്റം കിട്ടി കണ്ടില്ല.  ആയതിനാൽ പുതിയ ഒരു സ്ഥലം കണ്ടെത്താൻ ഉള്ള ഫണ്ട് (4 ലക്ഷം) മേൽ പറഞ്ഞ ഐസ്വര്യ അംഗനവാടിക്കു വേണ്ടി കണ്ടെത്തി തരിക
3. കാരാൻമൂല ഹോളി ഫാമിലി റോഡിലെ പാലം പുനർ നിർമ്മാണം
4. എ.വി.പി റോഡ് 54 മീ.നീളം 3.മീ വീതി തയ്യിൽ രമണൻ മുതൽ പനമുക്കത്ത് പ്രസാദ് വീട് വരെ
5. വി.ഐ.പി കോളനി റോഡ് 121 മീ.നീളം 3.2 മീ. വീതി ആസാദ് റോഡ് മുതൽ പടവള്ളി ഷാഹുൽ ഹമീദ് വരെ
6. കാരാൻമൂല ഹോളി ഫാമിലി റോഡ് 0.12 മീ നീ, 3 മീ വീതി
7. കാരാൻമൂല ഹോളി ഫാമിലി റോഡ് 0.09 മീ നീ, 3 മീ വീതി
8. കാരാൻമൂല ഹോഗി ഫാമിലി റോഡ് 0.17 മീ നീ, 4.3 മീ വീതി
9. പുല്ലേക്കാട്ടിൽ റോഡ് കൊമ്പിൽ ആന്റണി മുതൽ രാജൻ കാട്ടുങ്ങൽ വരെ
10. മിഷൻ അകംപാടം റോഡ് കൊമ്പിൻ ആന്റണി മുതൽ ചാലിശ്ശേരി ജോൺസൺ 0.67 മീ . വീതി

**വാർഡ് - 9**

1. അഞ്ചുമുറി റോഡ് - 0.313 മീ നീ, 2.5.മീ വീ(ചിറ്റുവേലി അംഗനവാടി റോഡ് മുതൽ കൊട്ടാരത്തിൽ നൗഷാദ് വസതി വരെ)
2. എസ്.എൻ അംഗനവാടി റോഡ് - 0.87 മീ നീ, 2.8 മീ വീ (ഇത്തിരിക്കുന്നത്ത് പാത്തുമ്മ വസതി വരെ)
3. എസ്.എൻ അംഗനവാടി റോഡ് - 0.72 മീ നീ, 2.9 മീ വീ (ഇയ്യാണി രവി വസതി വരെ)
4. കരൂപ്പാടം വാലി റോഡ് (കണ്ണൻതുരുത്തി പുളിക്കടവ് - തെക്കുമ്പാടം ഹരിദാസൻ വരെ)

**വാർഡ് - 11**

1. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് തോടുകൾ, കാനകൾ എന്നിവ വൃത്തിയാക്കുക, കൾവർട്ട് പുനരുദ്ധാരണം
2. കോലോത്തുംകടവ് (വാർഡ് 11) ഭാഗത്ത് പുഴയോരം സൈഡ് കെട്ടി സംരക്ഷിക്കുക
3. കോക്കും പുറം ഭാഗത്തെ റോഡ് നിർമ്മാണം (5 മീ) (കഴിഞ്ഞ ഭരണസമിതിയിൽ ക്യാൻസൽ ആയിട്ടുള്ള പദ്ധതി)

4. തകർന്ന കൾവർട്ട് - പുഴയോടു ചേർന്ന ഭാഗം
5. തരിശ്ശായി കിടക്കുന്ന കൃഷിഭൂമി രജിസ്റ്റേർഡ് പാടശേഖരം കമ്മിറ്റി ആയി കൃഷി ചെയ്യുന്നതിനുള്ള സംവിധാനം
6. വർഷക്കാലത്ത് വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥിര സംവിധാനം ഉയർന്ന പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു
7. കോലോത്തുംകടവിൽ വള്ളംകളി പവലിയൻ

**വാർഡ് - 18**

1. ബാലകൃഷ്ണ റോഡ് - ജയന്തി കമ്മ്യൂണിറ്റി ഹാൾ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ
2. വേലുമ്മാൻ പടി സൊസൈറ്റി റോഡിൽ കാന നിർമ്മാണം

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

**സംയുക്ത പ്രോജക്ട്**

1. ടേക്ക് എ ബ്രേക്ക് 25/- വാർഡ് - 19 എറവ് ഡിവിഷൻ
2. കോതകുളം പൂർത്തീകരണം ചാലിൽ ഷട്ടർ ചുറ്റും കൾവർട്ടുകൾ - വാർഡ് 19
3. എസ്.സി. സങ്കേതങ്ങളിൽ ഹാപ്പിനസ് പാർക്ക് ഓപ്പൺ ജിം
4. ക്ഷീര കർഷകർക്ക് ചാണകം ഉണക്കി പൊടിക്കാനുള്ള മെഷിൻ
5. മഴക്കാല ടൂറീസം നടപ്പിലാക്കിയാൽ മനക്കൊടി പുള്ള് കായലിൽ ബോട്ടുകൾ വാങ്ങുക. പഞ്ചായത്തിന് അതൊരു വരുമാന മാർഗ്ഗം കൂടിയാകും
6. കളിസ്ഥലം
7. അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മനക്കൊടി, പുള്ള് റോഡിൽ വീതി കൂടിയ പുറംചാൽ മണ്ണ് കോരി ആഴം കൂട്ടി രണ്ട് സെഡ് കെട്ടി ആളുകൾക്ക് വിശ്രമിക്കുന്നതിനുള്ള ബഞ്ച് സൗകര്യം ഉണ്ടാക്കണം. വിനോദ സഞ്ചാര മേഖലയാക്കുന്നതിനും തൃശ്ശൂർ ജില്ലയിൽ തന്നെ ഏറ്റവും ആകർഷകമായ വിനോദ മേഖലയാക്കാൻ കഴിയും
8. 5-ാം വാർഡിൽ കായൽ റോഡിൽ നിന്നും ചാലാടി പഴംകോൾ പടവിലേക്ക് ഫോകുന്ന ഫാം റോഡിൽ സാമൂഹിക വിരുദ്ധരുടെ ശല്യം വർദ്ധിച്ചു വരുന്നതിനാൽ സി.സി.ക്യാമറ സ്ഥാപിക്കണമെന്ന ആവശ്യം നിർദ്ദേശിക്കുന്നു.

**വാർഡ് -5**

1. അരിമ്പൂർ പരയ്ക്കാട് ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സെറ്റ് സ്ഥിതി ചെയ്യുന്ന പുത്തൻകുളത്തിലേക്ക് കെ.എൽ.ഡി.സി കനാലിൽ നിന്നും നേരിട്ട് വെള്ളം എത്തിക്കുന്നതിന് പൈപ്പ് സ്ഥാപിക്കുന്ന പദ്ധതി
2. 5-ാം വാർഡ് ശാന്തിനഗർ 4 സെന്റ് ഉന്നതിയിലെ പൊതുകിണറ്റിൽ ടി ഉന്നതി നിവാസികൾക്കായി കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നത്
3. 5-ാം വാർഡ് കായൽ റോഡ് അറ്റത്ത് നിന്നും 4-ാം വാർഡിലെ പരയ്ക്കാട് ലിഫ്റ്റ് ഇറിഗേഷൻ കുളത്തിലേക്ക് പോകുന്ന മൺറോഡ് സൈഡ് വാൾ കെട്ടി സഞ്ചാരയോഗ്യമാക്കി കോൺക്രീറ്റ് ചെയ്യുന്ന പദ്ധതി
4. 5-ാം വാർഡ് ഗാന്ധി നഗർ 4 സെന്റ് ഉന്നതിയിൽ പഞ്ചായത്ത് വക സ്ഥലത്ത് സാംസ്കാരിക നിലയം

5. 4-ാം വാർഡ പരയ്ക്കാട് ലിഫ്റ്റ് ഇറിഗേഷൻ സ്ഥിതി ചെയ്യുന്ന പുത്തൻകുളം സൈഡ് വാൾ അറ്റകുറ്റപ്പണികൾ ചെയ്ത് ഉയർത്തി നവീകരിച്ച് ഓപ്പൺ ജിം സ്ഥാപിക്കുന്ന പദ്ധതി
6. അരിമ്പൂർ ഗ്രാമപഞ്ചായ്തിന് പൊതു ക്രിമിറ്റോറിയം/മൊബൈൽ ക്രിമിറ്റോറിയം
7. ക്ഷീര കർഷകരെ സഹായിക്കുന്നതിനായി പച്ചചാണകം ഉണക്കിപ്പൊടിച്ച് ചാണകപ്പൊടിയാക്കുന്നതിനായി മൊബൈൽ ഇലക്ട്രിക് ഡ്രൈയർ
8. കാർഷിക ഗ്രാമമായ അരിമ്പൂരിൽ സഹകരണ അടിസ്ഥാനത്തിൽ നെല്ല് എടുത്ത് സൂക്ഷിക്കുന്നതിനായി  പൊതു ഗോഡൗൺ
9. നാട്ടിൽ വർദ്ധിച്ചുവരാന്ന പാലിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി കുടുംബശ്രീ മേഖലയിൽ സഹകരണ പശുഫാമുകൾ
10. ക്ഷീരകർഷകർക്ക് വൈക്കോൽ നൽകുന്നതിനായി വൈക്കോൽ കെട്ട് സൂക്ഷിക്കുന്നതിനായി പൊതുഷെഡ്
11. 5-ാം വാർഡ് തൃശ്ശൂർ - കാഞ്ഞാണി റോഡ് 4-ാം കല്ല് സെന്ററിലുത്ധ പരയ്ക്കാട് കപ്പേളസെന്ററിലും മിനിമാസ് ലൈറ്റ്

**<u>വാർഡ് -16</u>**

1. സേവനവഴി റോഡിന്റെ കാന പണി പൂർത്തിയാക്കൽ
2. അയ്യങ്കാളി ഉന്നതിയിൽ റോഡ് റീ ടാറിംഗ് നടത്തുന്നതിനും കാനകൾ വൃത്തിയാക്കുന്നതിനും
3. വെളുത്തൂർ ബാങ്ക് പറമ്പ് റോഡുകൾ റീടാർ ചെയ്യുന്നതിനും
4. ജവാൻ ലിങ്ക് റോഡ് റീടാർ ചെയ്യുന്നതിനും
5. സേവന വഴി മിൽ റോഡ് കോൺക്രീറ്റ് ചെയ്യുന്നതിനും
6. വെളത്തൂർ റോഡിന്റെ കോൺക്രീറ്റ് ചാലിന്റെ മേൽ സ്ലാബ് ഇടുന്നതിനും
7. കോവിൽ റോഡ് വില്ലുകുളം റോഡ് റീടാറിംഗ്

**<u>വാർഡ് 1</u>**

1. ദീപശിഖ റോഡ് റീടാറിംഗ്
2. ചടയൻകുളം സൈഡ് കെട്ടി സംരക്ഷണം
3. അണ്ടികുളം സംരക്ഷണം
4. കരുവാലിക്കുളം സംരക്ഷണം
5. മഞ്ഞലായിപാറ കാന
6. സബ്സെന്റർ റോഡ് റീടാറിംഗ്
7. കുടിവെള്ള പദ്ധതി

**<u>വാർഡ് 2</u>**

1. അരിമ്പൂർ ഗ്രാമപഞ്ചായത്ത് പഴംകോൾ പടവ് തേമാലിപ്പുറം ഭാഗം മേൽക്കര കൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തുക
2. തേമാലിപ്പുറം ഗ്രൗണ്ടിനടത്തുള്ള ശ്രീകുമാർ എന്നയാളുടെ വീട് പണിക്കുള്ള സഹായം
3. കുടിവെള്ള ക്ഷാമം പരിഹാരം കണ്ടെത്തൽ
4. ഉദയ നഗർ, പാറക്കുളം റോഡ് ഉയർത്തി മഴക്കാലത്തെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷണം
5. തേമാലിപ്പുറം പഞ്ചായത്ത് അധീനതയിലുള്ള സ്ഥലത്ത് അംഗനവാടി (വാർഡ് - 2) സാംസ്കാരിക നിലയം
6. ഉല്ലാസ് നഗറിലുള്ള പഞ്ചായത്ത് അധീനതയിൽ ഗ്രൗണ്ക്കട്, ടർഫ് ആക്കുക, വേലി കെട്ടൽ നടത്തുക
7. ഉദയ നഗർ ചക്കിമുന റോഡ് റീടാറിംഗ്

8. എൻ.ഐ.ഡി റോഡ് കുരിശുപള്ളി മുതൽ പാറക്കുളം വരെ ടാറിംഗ്

**വാർഡ് – 3**

1. പാറക്കുളം മുതൽ ബണ്ട് വരെ ഫാം റോഡ് ടാറിംഗ്

**വാർഡ് - 4**

1. മാവോടി റോഡ് നിർമ്മാണം

**വാർഡ് - 7**

1. ലൈഫ് ലൈൻ നിർമ്മിച്ചു കൊടുത്ത വീട് റിനോവേഷൻ ചെയ്ത് കൊടുക്കുന്നതിന് വേണ്ടി 3 വീടുകൾ ആവശ്യപ്പെടുന്നു
2. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
3. കാന വൃത്തിയാക്കൽ കാഞ്ഞാണി, കുണ്ടിലക്കടവ് നഗരഭാഗം, ഹിൽടോപ്പ്, റോഡ് വഴി സെന്റ് ജോർജ്ജ് ചർച്ച് വരെ
4. സാംസ്കാരിക നിലയത്തിന്റെ ഒരു ഭാഗത്തുള്ള വീടുകളിലേക്കും ലക്ഷം വീട് പരിസരങ്ങളിലെ വീടുകളിലേക്കും പൈപ്പ് വെള്ളം ലഭിക്കാത്ത സാഹചര്യം ഇന്നും നിലനിൽക്കുന്നു. സാംസ്കാരിക നിലയത്തിലെ കിണറിന് മുകളിൽ സാംസ്കാരിക നിലയത്തിലിരിക്കുന്ന വാട്ടർ ടാങ്ക് ഉയർത്തി വെച്ച് പൈപ്പിട്ട് ഇരുഭാഗത്തേയും മതിലുകളിൽ ടാപ്പ് വെച്ചു നൽകുക
5. ലക്ഷം വീട് പരിസരത്തുള്ള പഞ്ചായത്ത് കിണർ വൃത്തിയാക്കി അവിടെ ഒരു മോട്ടോറും ടാങ്കും വെള്ളമെടുക്കുവാനുള്ള ടാപ്പും ഒരുക്കുക
6. സാംസ്കാരിക നിലയത്തിൽ ലൈബ്രറി ഒരുക്കുക
7. ചേറ്റുപുഴ കോൾ പടവിന്റെ പടിഞ്ഞാറെ ഭാഗത്തുകൂടെ മനക്കൊടി ബസ്സ് സ്റ്റോപ്പിന് പിറതുവരെയുള്ള കാന താഴ്ത്തി വെള്ളമൊഴുകുവാൻ നടപടിയുണ്ടാകുക
8. പരയ്ക്കാട് ബാർ വഴിയിൽ നിന്ന് പള്ളിയങ്ങാടി പടിഞ്ഞാറെ അങ്ങാടിയിലേക്കുള്ള പുറമ്പോക്ക് വഴി തുറന്ന് റോഡ് സംവിധാനം ഒരുക്കുക
9. അംഗനവാടി നവീകരണം (125-ാം നമ്പർ)
10. ലക്ഷം വീട് പരിസരത്തുള്ള പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള സ്ഥലം പ്ലേഗ്രൗണ്ട് / പബ്ലിക് ജിം ആക്കി തരുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കാൻ പദ്ധതി തരണം

**വാർഡ് 13**

1. ഉദയ നഗർ കൃഷ്ണ റോഡ് ടാറിംഗ്
2. കൃഷ്ണന്റെ അമ്പലത്തിന്റെ തൊട്ടപ്പുറത്തെ വഴി ടാറിംഗ്
3. സ്ട്രീറ്റ് ലൈറ്റ് സ്മാർട്ട് ലൈറ്റ് ആക്കുന്നതിന്

**വാർഡ് - 14**

1. അരിമ്പൂർ ലക്ഷം വീട് പഞ്ചായത്ത് സ്ഥലത്ത് സാംസ്കാരിക നിലയം
2. കൈപ്പിള്ളി വെളുത്തൂർ അകംപാടം തരിശ്ശായി കിടക്കുന്ന ഭൂമി കഘ്യഷി ചെയയുന്നതിന മോട്ടോർ പമ്പ്സെറ്റ്
3. കണ്ണങ്കഴ പാലം ഓപ്പൺ ജിം, ഹാപ്പിനസ് പാർക്ക്
4. ലക്ഷം വീട് കുടിവെള്ള പദ്ധതിയിൽ സൗന്ദര്യവൽക്കരണം

**വാർഡ് -11**

1. കൃഷ്ണൻ കോട്ടപടവിൽ കാടച്ചാൽ ഫാം റോഡുകൾ വേണം

2. മാരാത്ത് കടവ്കുളം ഊമംകുളം എന്നിവ പുനർനിർമ്മിച്ച് ഉപയോഗപ്പെടുത്തി കുടിവെള്ള സംവിധാനം ഉണ്ടാക്കണം
3. വാരിയം പടവിലെ മോട്ടോർ ഷെഡിന്റെ ചാൽ ഇരുവശവും ഇടിഞ്ഞു പോകുകയാണ്. കർഷകരുടെ നിലം ഇടിഞ്ഞു ോകുന്നു. അതിന്റെ 2 സൈഡും കരിക്കൽ കെട്ടി സംരക്ഷണം
4. പാലക്കടവ് ഇറിഗേഷൻ ചാൽ അയ്യപ്പൻകാവ് അമ്പലം ചാൽ വൃത്തിയാക്കണം
5. മാരാത്ത് കടവ് റോഡിൽ ഇടിഞ്ഞു താഴ്ന്ന സ്ഥലം കരിങ്കൽ കെട്ടി ബലപ്പെടുത്തണം
6. പഞ്ചായത്ത് റോഡുകളുടെ കാനകൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കണം
7. മാരാത്ത് കടവ് റോഡ്, മനക്കൊടി തെക്കുമുറി റോഡ്
8. പരമൻ പാടം കനാൽ റൊഡ് സൈഡ് പ്രൊട്ടക്ഷൻ - വാർഡ്- 6
9. അയ്യപ്പൻകാവ് കുളം പരിസരത്ത് സ്മാർട്ട് സ്ട്രീറ്റ് ലൈറ്റ് വേണം
10. അയ്യപ്പൻകാവ് റോഡ് ചാല് അറ്റകുറ്റപ്പണികൾ നടത്തി പുനർനിർമ്മാണം
11. യുവധാര റോഡ് - വാർഡ് 10
12. നക്ഷത്ര റോഡ്, ഫാം റോഡ്-1, ഫാം റോഡ്-2, അൽഅസർ സ്ക്കൂൾ മുതൽ പാലക്കടവ് വരെ കാനനിർമ്മാണം

1. എസ്.സി സങ്കേതങ്ങളിൽ ഹാപ്പിനസ് പാർക്ക്, ഓപ്പൺ ജിം
2. എല്ലാ നഗറുകളിൽ സാംസ്കാരിക നിലയം
3. മനക്കൊടി അംബേദ്കർ റോഡ് റീടാറിംഗ്, ഊമകുളം നവീകരണം
4. മാരാത്ത്കടവ് കുളം നവീകരണം
5. വാർഡ് 6- കുണ്ടിലകടവ് ലിഫ്റ്റ് എറിഗേഷൻ ചാൽ നവീകരണം
6. വാർഡ് - 9 ഇന്ദിര നഗർ സൈഡ് പ്രൊട്ടക്ഷൻ ചാൽ നവീകരണം
7. തെക്കുമുറി കാന, കൾവർട്ട് നിർമ്മാണം
8. യുവധാര നഗർ റോഡ് വാർഡ് 10 ഏലോത്ത് ഫം റോഡ്
9. അരിമ്പൂർ 17-ാം വാർഡിൽ വാരിയം റോഡിന് ഇരുവശങ്ങളിലും കാന നിർമ്മാണം
10. 18-ാം വാർഡിൽ കൈപ്പിള്ളി 4 സെന്റ് നഗറുകളിൽ കുടിവെള്ള പദ്ധതി
11. കൃഷ്ണൻ കോട്ട പടവിൽ കാടചാൽ നിർമ്മാണം, ഫാം റോഡുകൾ നിർമ്മാണം
12. പാലക്കടവ്ഇറിഗേഷൻ ചാൽ
13. അയ്യപ്പൻകാവ് അമ്പലം ചാൽ വൃത്തിയാക്കൽ
14. പഞ്ചായത്ത് റോഡുകളുടെ അരികിൽ കാന നിർമ്മാണം
15. മാരാത്ത് കടവ് റോഡ് കാന നിർമ്മാണം, റീ ടാറിംഗ്
16. മിൽ അവന്യൂ റോഡ് നിർമ്മാണം വാർഡ് - 9
17. വിവേകാനന്ദ റോഡ് നിർമ്മാണം - വാർഡ് 9
18. ഏലോത്ത് റോഡ്, കാനനിർമ്മാണം വാർഡ് 9

## താന്ന്യം ഗ്രാമപഞ്ചായത്ത്

### ശുചിത്വം കുടിവെള്ളം

1. സേഫ്റ്റി ടാങ്കുകൾ വൃത്തിയാക്കുന്നതിന് സംയുക്ത പ്രോജക്റ്റ് ഉണ്ടാക്കണം
2. വാടക കിയോസ്കുകൾ ജനറൽ പദ്ധതികൾ ഏറ്റെടുത്ത് വ്യാപിക്കണം

### വിദ്യാഭ്യാസം

1. 4 മുതൽ 10 വരെയുള്ള ക്ലാസുകളിൽ ഒന്നാംരം പദ്ധികൾ രൂപപ്പെടുത്തണം
2. 5 പഞ്ചായത്തുകളിലും സ്ഥലങ്ങൾ ഉള്ള പഞ്ചായത്തുകളിൽ ഗ്രൗണ്ടുകൾ നിർമ്മിക്കുക, സ്ഥലങ്ങൾ ഉള്ള പഞ്ചായത്തുകളിൽ ഗ്രൗണ്ടുകൾ നിർമ്മിക്കുക,

സ്ഥലങ്ങൾ ഇല്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്റ്റുകൾ കൊണ്ടുവരണം

3. അംഗീകൃത ക്ലബുകൾക്ക് ആധുനിക രീതിയിലുള്ള സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കണം.
4. ഭരണഘടന ആമുഖം  എല്ലാ വീടുകളിലും നൽകുന്ന പദ്ധതി

**മൃഗസംരക്ഷണം**

1. സ്ക്കൂൾ കുട്ടികൾക്ക് ആടുവളർത്തൽ പദ്ധതി (അരുമ)

**കൃഷി**

1. വെണ്ടറപ്പാടം സ്ലൂയീസ് (സംയുക്ത പ്രോജക്റ്റ് ) താന്ന്യം, ചാഴൂർ, ബ്ലോക്ക് ഇത് സ്ഥാപിക്കാൻ കഴിഞ്ഞാൽ മോട്ടോർ സ്ഥാപിക്കാതെ വിസ്തൃതമായ പ്രദേശത്തേക്ക് ജലം എത്തിക്കാൻ കഴിയും

**ആരോഗ്യം**

1. പെരിങ്ങോട്ടുകരയിൽ സ്ഥിതി ചെയ്യുന്ന ഡയാലിസ് സെന്ററിനു മരുന്നു വാങ്ങുന്നതിന് സഹായം നൽകണം
2. സ്ത്രീകൾക്ക് എച്ച.ഡി 12 പരിശോധന നടത്തുന്നതിന് പദ്ധതി രൂപപ്പെടുത്തണം
3. ഗർഭാശയ ക്യാൻസർ പരിശോധനകൾ ക്യാമ്പുകൾ നടത്തണം

**പട്ടികജാതി വികസനം**

1. വീടുകളുടെ ഉപരിതലത്തിൽ ട്രസ്സ് സ്ഥാപിക്കുന്നതിന് പദ്ധതി
2. സ്റ്റാർട്ടപ്പുകൾക്ക് (വ്യക്തിഗത ) തൊഴിൽ സംരംഭങ്ങൾ ആവശ്യമായ സഹായം നൽകൽ

**ജൈവ വൈവിധ്യം**

1. കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും സഹായം നൽകുക

**പൊതുമരാമത്ത്**

1. താന്ന്യം പഞ്ചായത്തിലെ വിവിധ റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സംയുക്തമായും തനതായും പദ്ധതികൾ ആവിഷ്കരിക്കുക (1 മുതൽ 19 വരെയുള്ള വാർഡുകളിൽ)

**വനിത**

1. വനിത കലോത്സവം

**പൊതുവായ നിർദ്ദേശങ്ങൾ**

1. താന്ന്യം ഗ്രാമപഞ്ചായത്തിലെ ശ്മശാനം  ചിമ്മിനി സ്ഥാപിക്കൽ
2. താന്ന്യം ഗ്രാമപഞ്ചായത്തിന് കളിസ്ഥലം നിർമ്മാണം
3. ശ്മശാനം നവീകരണം ഫണ്ട് നൽകണം
4. ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്ക് 4 ചക്രം ട്രോളി (ശുചിത്വഫണ്ട്)
5. തെങ്ങിന് വളം നൽകൽ സബ്സിഡി ഫണ്ട് നൽകൽ
6. കിഴുപ്പിള്ളിക്കര ബണ്ട് ടൂറിസം പദ്ധതിക്ക് ഫണ്ട്
7. താന്ന്യം ഗ്രാമപഞ്ചായത്ത് എൽ.പി.സ്ക്കൂളിൽ ടറഫ് നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുക

8. വെണ്ടറപ്പാടം സ്ലയീസിന് സ്ഥിരം ചീഫ് സംവിധാന് നടപ്പിലാക്കുക
9. നിലവിൽ പഞ്ചായത്ത് പദ്ധതികൾക്ക് കൈമാറുന്നതിന് ഫണ്ട് അനുവദിക്കുക
10. ഉന്നതികളിലേക്ക് (താന്ന്യം പഞ്ചായത്ത്)  വാട്ടർ കിയോസ്ക്
11. അഞ്ചുപുര കുടിവെള്ള പദ്ധതി 2-ാം ഘട്ടം പൈപ്പ് ഇടൽ പ്രവൃത്തിക്ക് ഫണ്ട് അനുവദി
12. ക്കണം
13. 12.എസ്.സി. ഉന്നതികളിൽ സൈഡ് കെട്ടൽ പ്രവൃത്തി
14. ഉന്നതികളിൽ വിജ്ഞാനവാടി
15. താന്ന്യം പഞ്ചായത്ത് 7-ാം വാർഡിലെ സോമശേഖര ക്ഷേത്ര പരിസരം കാന നിർമ്മാണം
16. 15.താന്ന്യം പഞ്ചായത്ത് 3-ാം വാർഡിലെ കൂടോത്ത് അമ്പലം റോഡ്, കാനയോടുകൂടി
17. കോൺക്രീറ്റ് നിർമ്മിക്കുക
18. 16. തിരുത്തേക്കാട് ഈസ്റ്റ് വെസ്റ്റ് റോഡ് നിർമ്മാണം
19. ചിറ്റിലായ് പുത്തൻതോടിൽ കുളികടവ് നിർമ്മാണം
20. കരുവാംകുളം ഉന്നതി റോഡ് നിർമ്മാണം
21. ലക്ഷംവീട് വാട്ടർ കിയോസ്കി
22. ഠാണാകുന്ന് റോഡ് കാന നിർമ്മാണം
23. ഠാണാ കുന്ന് റോഡിലെ നിലവിലെ കിണർ മൂടി
24. കുളികടവ് സഞ്ചാരയോഗ്യമാക്കുക

അദ്ധ്യായം-7

# പ്രത്യേക പദ്ധതികൾ

1) ഷീ ലോഡ്ജ് നിർമ്മാണം. (വനിത ഘടക പദ്ധതി)
2) ബ്ലോക്ക് പഞ്ചായത്ത് കോംപൌണ്ടിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം. ( തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്)

അദ്ധ്യായം-8

# വായ്പാബന്ധങ്ങൾ

വികസന പ്രവർത്തനങ്ങൾ സംസ്ഥാന ഗവണ്മെന്റ് അനുവദിക്കുന്ന പ്ലാൻ ഫണ്ടിന് പുറമെ വികസനപ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തി യിലുള്ള സഹകരണ ബാങ്കുകളിൽ നിന്നും, ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. സ്വയംതൊഴിൽ ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എൻ. ആർ. എൽ. എ. മാർഗ്ഗ നിർദ്ദേ പ്രകാരം നടപ്പിലാക്കാവുന്നതാണ്.

## അദ്ധ്യായം-9

# സമഗ്രപരിപാടികളും സംയോജന സാധ്യതകളും

## കൃഷി

മണലൂർ, അരിമ്പൂർ, അന്തിക്കാട്, ചാഴൂർ, താന്ന്യം എന്നീ 5 പഞ്ചായത്തുകൾ ഉൾപ്പെട്ട അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ സമ്പദ്ഘടനയുടെ അടിസ്ഥാനം നെൽകൃഷിയും, തെങ്ങു കൃഷിയുമാണ്. മഴയെ മാത്രം ആശ്രയിച്ച് കൃഷി ചെയ്തിരുന്ന പരമ്പരാഗത രീതിയ്ക്ക് പകരമായി ജലസേചന സൗകര്യങ്ങളൊരുക്കി കൃഷി ചെയ്യുന്ന രീതിയാണ് ഇപ്പോൾ തുടർന്നു കൊണ്ടിവരുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള മിക്കവാറും, കാനാലുകളും, തോടുകളും, കുളങ്ങളും, ചണ്ടിയും, പ്ലാസ്റ്റിക് ഖര മാലിന്യങ്ങളും, നിറഞ്ഞ് ജല ആഗമന നിർഗമനം തടസ്സപ്പെട്ടിരിക്കുകയാണ്.

- ❖ മൈനർ ഇറിഗേഷൻ, റിബിൽഡ് കേരള, ലാന്റ് യൂസ് ബോർഡ് എന്നീ ഡിപ്പാർട്ടുമെന്റുകൾ സഹകരിച്ചുകൊണ്ട് ഇറിഗേഷൻ കനാലുകളിലെ ചണ്ടിയും ഖര മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തു ജല ആഗമന നിർഗമന സുഗമമാക്കാം.
- ❖ ലിഫ്റ്റ് ഇറിഗേഷൻ ജലസേചനം നെൽകൃഷിയ്ക്കും, അല്ലാത്ത സമയത്ത്
- ❖ പ്രോത്സാഹിപ്പിച്ചുകൊണ്ട് തെങ്ങുകൃഷിയ്ക്കും, മറ്റു ഇടവിളകൃഷിയ്ക്കും ജലസേചന സൗകര്യം ഒരുക്കാവുന്നതാണ്.
- ❖ കാലവസ്ഥ വ്യതിയാനം, കാലാനസൃതമല്ലാത്ത മഴ കാർഷിക വിളകളെ പ്രതികൂലമായി ബാധിക്കുന്ന പ്രധാനഘടകമാണ്. ഇൻഷുറൻസ് വകുപ്പുമായി ബന്ധപ്പെടുത്തി ഇൻഷുറൻസ് പരിരക്ഷ കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കാം.
- ❖ കൃഷി വകുപ്പുമായി സഹകരിച്ച് ഭക്ഷ്യസുരക്ഷ, സുഭിക്ഷ കേരളം പദ്ധതികൾ നടപ്പിലാക്കാം. കേരഗ്രാമം പദ്ധതി നടപ്പിലാക്കി മണ്ഡരി, കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വെച്ച് പിടിപ്പിക്കാവുന്ന
- ❖ താണ്.
- ❖ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ച് ഫലവൃക്ഷതൈങ്ങളും ഔഷധസസ്യ ങ്ങളും വിതരണം നടത്തി കാർഷികമേഖലയെ പുഷ്ടിപ്പെടുത്താവുന്നതാണ് കേരഗ്രാമം പദ്ധതി

## ക്ഷീരവികസനം

- ❖ ദേശീയ തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് ബ്ലോക്കിലെ '5 പഞ്ചായത്തുകളിലും തീറ്റപ്പുൽകൃഷി ചെയ്യാവുന്നതാണ്. BPL ലിസ്റ്റിൽ ഉൾപ്പെട്ട കർഷകർക്ക് തൊഴുത്തും, ആട്ടിൻ കൂടും, കോഴി കൂടും നിർമ്മിച്ചുകൊടുക്കാം.

## ആരോഗ്യം

- ❖ ആരോഗ്യവകുപ്പും, ഇൻഷുറൻസ് വിഭാഗവും, സംയോജിച്ച് മുതിർന്ന പൗരന്മാർ, ഭിന്നലിംഗക്കാർ, കുടിയേറ്റ തൊഴിലാളികൾ എന്നിവർക്ക് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ വ്യാപിപ്പിക്കാവുന്നതാണ്.
- ❖ ആർദ്രം മിഷനുമായി സഹകരിച്ച് പൊതുജനാരോഗ്യ കേന്ദ്രങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുവാനും വൃദ്ധജനങ്ങളുടെ സാന്ത്വനപരിചരണ സെൻററുകളാക്കുവാനും സാധിക്കുന്നതാണ്.
- ❖ ആയുർവേദ ചികിത്സാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും, സൂപ്പർ സ്പെഷാലിറ്റി സെൻററുകളുടെ നിലവാരത്തിലേക്ക് ഉയർത്തിക്കൊണ്ടും കൂടുതൽ സ്വദേശികളേയും, വിദേശികളേയും ഈ മേഖലയിലേക്ക് ആകർഷിക്കാം. ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ പ്രസവാനന്തര ചികിത്സാകേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ആയതിലൂടെ അമ്മയുടേയും കുഞ്ഞിന്റേയും ആരോഗ്യ സംരക്ഷണം സാധ്യമാക്കാം.

## കുടിവെള്ളം ശുചിത്വം

- ❖ ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി കിണർ റീചാർജിംഗും, പുതിയ കിണറുകളുടെ നിർമ്മാണവും നടത്താം.
- ❖ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ കോളനികളിലും പൊതു ഇടങ്ങളിലും കുടിവെള്ള സൗകര്യങ്ങൾ ഒരുക്കാം. വാട്ടർ അതോറിറ്റി ഡിപ്പാർട്ട്മെന്റും, ധനകാര്യ കമ്മീഷൻ ഗ്രാന്റും സംയോജിപ്പിച്ചുകൊണ്ട് ബ്ലോക്ക് അതിർത്തിയിലെ പൊതുകുളങ്ങളും ജലാശയങ്ങളും വൃത്തിയാക്കി ഗ്രാമീണ ജനതയ്ക്ക് കുടിവെള്ളം ലഭ്യമാക്കാം.
- ❖ തീരപ്രദേശങ്ങൾ, പുഴയോര പ്രദേശങ്ങൾ, കോൾപടവ് തീരങ്ങൾ എന്നിവിടങ്ങളിലെ കിണർ വെള്ളം ശുദ്ധീകരിക്കാതെ ഉപയോഗിക്കുവാൻ സാധിക്കുകയില്ല. ഇത്തരം കിണറുകളിലെ വെള്ളത്തിന്റെ PH മൂല്യം പരിശോധിച്ച് RO പ്ലാൻറുകൾ സ്ഥാപിക്കാവുന്നതാണ്. LSGD-വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറുകൾ സഹകരണത്തോടെ സ്ക്കൂൾ കുട്ടികൾക്ക് വെള്ളം പരിശോധിക്കുന്നതിനുള്ള പരിശീലനം നൽകാം.
- ❖ ഹരിത കേരള മിഷൻ പദ്ധതിയുടെ പ്രധാന കർത്തവ്യമാണ്. ഖര മാലിന്യ നിർമ്മാർജ്ജനവും ജലാശയങ്ങളുടെ ശുദ്ധീകരണവും, ഇതിനാവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ പശ്ചാത്തല സൗകര്യം ഒരുക്കേണ്ടതും, ചപ്പുചവറുകളും, മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യുന്നതിൽ ജനങ്ങളുടെ പ്രത്യേകിച്ചും കുട്ടികളുടെ മനോഭാവം മാറ്റേണ്ടതും, ത്രിതല പഞ്ചായത്തുകളുടെ ഉത്തരവാദിത്വവുമാണ്. ശുചിത്വ മിഷനുമായി സംയോജിപ്പിച്ച് ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

- ശുചിത്വ മിഷനുമായി സഹകരിച്ച് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ പൊതുസ്ഥലങ്ങളിൽ ഇൻസിനറേറ്റർ സ്ഥാപിക്കുക, സെപ്റ്റിക് ടാങ്ക് മാലിന്യ ട്രീറ്റ്മെൻറ് ഓരോ വീടുകളിലും സ്ഥാപിച്ച് പൊതുയിടങ്ങളിൽ മാലിന്യം തള്ളുന്ന പ്രവണത ഇല്ലാതാക്കാം.

## പ്രാദേശിക സാമ്പത്തിക വികസനം

കാർഷിക മേഖലയായ ബ്ലോക്ക് പഞ്ചായത്തിൽ കാർഷിക വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കാം LSGDയും, ബാങ്കുകളും വ്യവസായ വകുപ്പും സഹകരിച്ചുകൊണ്ട് ബ്ലോക്ക് പരിധിയിലെ കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾക്ക് ആവശ്യമായ സംരംഭകത്വ പരിശീലനവും സാമ്പത്തിക സഹായവും വിപണന സാധ്യതകളും നൽകിക്കൊണ്ട് പ്രാദേശീക സാമ്പത്തിക വികസനവും തദ്വാര വനിതാ വികസനവും കൈവരിക്കാം.

## സാമൂഹ്യ നീതി

- സാമൂഹ്യനീതി വകുപ്പും, LSGDയും സംയോജിച്ച് ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ഫിസിയോതെറാപ്പി, മാതാപിതാക്കൾക്ക് തൊഴിൽ പരിശീലനം, കൗൺസിലിംഗ് തുടങ്ങിയവ നടപ്പിലാക്കാം.
- പൊതുജനങ്ങളുടേയും സന്നദ്ധസംഘടനാ സ്ഥാപനങ്ങളുടെയും ബാങ്കുകളുടേയും (CSR ഫണ്ട്) സഹകരണത്തോടെ വൃദ്ധജനങ്ങളുടെ പരിചരണത്തിന് വൃദ്ധസദനം, പകൽ വീട് എന്നിവ സ്ഥാപിക്കാം
- വനിതകൾക്കായി NABARD-ന്റെ സഹായത്തോടെ 'ഷീ വർക്ക് പ്ലേസ് (തൊഴിൽ സംരംഭങ്ങൾ) ആരംഭിക്കാവുന്നതാണ്.
- ബ്ലോക്ക് പരിധിയിലെ അംഗൻവാടികളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക ഗെയിംസ് സൗകര്യങ്ങളോടുകൂടിയ പശ്ചാത്തല സൗകര്യ ങ്ങൾ ഒരുക്കി കൂടുതൽ കുട്ടികളെ ആകർഷിക്കാം.

## ജൈവവൈവിധ്യം-കാലാവസ്ഥാവ്യതിയാനം-ദുരന്തനിവാരണം

- ജൈവ വൈവിധ്യ ബോർഡ്, സോഷ്യൽ ഫോറസ്ട്രി, ബാംബു ബോർഡ്, ഔഷധസസ്യ ബോർഡ്, തൊഴിലുറപ്പുപദ്ധതി സംയോജിപ്പിച്ച് പുഴകളും, കനാലുകളും മാലിന്യ മുക്തമാക്കുക.
- ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഔഷധസസ്യ തോട്ടങ്ങളും, ഫല വൃക്ഷ തൈകളും, കണ്ടൽകാടുകളും വെച്ച് പിടിപ്പിക്കുക. പുഴയോരങ്ങളിലും, കനാലു കളിലെ തീരങ്ങളിലും, അലങ്കാര സസ്യങ്ങളും, മുളം തൈകളും, വെച്ചുപിടിപ്പി ക്കുക.

- ജൈവവളങ്ങളും, ജൈവ കീടനാശിനികളും ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിച്ച്, കാർഷിക മേഖലയിലെ അമിത രാസവള പ്രയോഗം കുറയ്ക്കുക. * സ്ഥാപന തലത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക.
- കയർ ബോർഡും, തൊഴിലുറപ്പു പദ്ധതിയുമായി ബന്ധിപ്പിച്ച് കയർഭൂവസ്ത്രം വിരിച്ചുകൊണ്ട് മണ്ണൊലിപ്പും തടയാം. മണ്ണിന്റെ ഫലഭൂയിഷ്ടതയും നിലനിർത്താം.
- വിനോദ സഞ്ചാര ഡിപ്പാർട്ട്മെൻറും LSGDയും സംയോജിച്ച് പുഴയോരങ്ങളും, പൊതു കുളങ്ങളും, വിനോദ സഞ്ചാരകേന്ദ്രങ്ങളാക്കി നാടൻഭക്ഷണശാലകളും, ജൈവ ബോട്ടുയാത്രകൾ സാധ്യമാക്കി മാറ്റാം. ആയതിനോടനുബന്ധിച്ച് വൈവിധ്യ ഉദ്യാനങ്ങളും സ്ഥാപിക്കാം.
- ബ്ലോക്ക് പിരിധിയിലെ പാടങ്ങളിൽ ഉദയാസ്തമയന വ്യാതിയാനങ്ങളും ദേശാടന പക്ഷികളുടെ വൈവിധ്യവും സൗകര്യങ്ങൾ ഒരുക്കി കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കാം.

## **ഭവനനിർമ്മാണം**

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളും, കേന്ദ്ര ഗവൺമെൻറും സംയോജിച്ച് പി. എം. എ. വൈ., ലൈഫ്, ആവാസ് പ്ലസ്, ഭവന പദ്ധതികൾ നടപ്പിലാക്കുന്നു.

# അദ്ധ്യായം-10

# മോണിറ്ററിങ്ങ്

വികസന പ്രവർത്തനങ്ങൾ സംസ്ഥാന ഗവണ്മെന്റ് അനുവദിക്കുന്ന പ്ലാൻ ഫണ്ടിന് പുറമെ വികസനപ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ അതിർത്തി യിലുള്ള സഹകരണ ബാങ്കുകളിൽ നിന്നും, ദേശസാൽകൃത ബാങ്കുകളിൽ നിന്നും വായ്പയെടുക്കാവുന്നതാണ്. സ്വയംതൊഴിൽ ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എൻ. ആർ. എൽ. എ. മാർഗ്ഗ നിർദ്ദേ പ്രകാരം നടപ്പിലാക്കാവുന്നതാണ്.



# ഉപസംഹാരം

പൊതു ഇടപെടലിലൂടെ ജനങ്ങളുടെ ക്ഷേമം ഉയർത്തുകയും, സാമൂഹ്യ, രാഷ്ട്രീയ സംസ്കാരിക സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്തതിന് ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിന്റെ ജനകീയാസൂത്രണ മാതൃക. കേരളത്തിലെ പഞ്ച വത്സര പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു ബൃഹത്തായ ഉദ്യമമാണ്. തദ്ദേശ സർക്കാർ സ്ഥാപനങ്ങളും ജനങ്ങളും പദ്ധതികൾ രൂപവൽക്കരിക്കുന്നതിന് ചാലകശക്തിയായി പ്രവർത്തിക്കുന്നു.

2018-ലെ വെള്ളപൊക്കം, 2019-ലെ കോവിഡ് മഹാമാരി എന്നിവ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി നമ്മെ കാര്യമായി ബാധിച്ചു. ഇവിടെയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആസൂത്രണ പ്രക്രിയയിൽ നാം പ്രതീക്ഷ അർപ്പിക്കുന്നത്. തൊഴിലവസരങ്ങളും, ഉൽപാദനവും വർദ്ധിപ്പിക്കുക. പാരിസ്ഥിതികമേഖലയെ സംരക്ഷിക്കുക, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ വിദ്യാഭ്യാസ മേഖലകളെ ശക്തിപ്പെടുത്തുക, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ പ്രധാന സവിശേഷതയാവണം. കോവിഡ് സാക്രമിക രോഗ സാഹചര്യത്തിലെ വെല്ലുവിളികളെ നേരിടാൻ കഴിവുള്ള തലത്തിൽ പ്രാഥമിക പരിചരണ വ്യവസ്ഥ ഉന്നത ഗുണനിലവാരമുള്ളതാകണം.

അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്ത് അതി ദാരിദ്ര്യം ഇല്ലാതാക്കുക എന്നത് കേരള സർക്കാരിന്റെ പ്രഥമ മുൻഗണനകളിൽ ഒന്നാണ്. അതിദരിദ്രർക്കായുള്ള അതിജീവന പദ്ധതി തയ്യാറാക്കു പ്രക്രിയയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവർ കൈകോർത്ത് നമ്മുടെ പ്രദേശത്തെ കേവല ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യേണ്ട വെല്ലുവിളി ഏറ്റെടുക്കേണ്ടതുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭ കാലഘട്ടത്തിൽ നമ്മുടെ ലക്ഷ്യവും പരിശ്രമവും ഭവന നിർമ്മാണം, ശുചീകരണം, വൈദ്യുതീകരണം, ഭക്ഷണം, അതിദാരിദ്ര നിർമ്മാർജ്ജനം, ആരോഗ്യ സുരക്ഷ, തൊഴിലുറപ്പ്, വയോജനങ്ങൾ ഭിശേഷിയുള്ളവർ, രോഗികൾ എന്നീ ഘടകങ്ങൾക്ക് മുൻഗണന നൽകുവിധത്തിൽ വ്യക്തമായ കാഴ്ചപ്പാടുകൾ ഉൾക്കൊണ്ട് വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നിങ്ങളോരൊത്തരുടേയും എല്ലാവിധ പിന്തുണയും ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നതിനോടൊപ്പം പതിമൂന്നാം പഞ്ചവത്സര പദ്ധതികാലയ ളവിൽ ഈ ശ്രമങ്ങൾക്ക് മുന്നിൽ നിന്ന എല്ലാ ജനവിഭാഗങ്ങൾക്കും നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

നന്ദിയോടെ,

**സുഷമ പി.**

സെക്രട്ടറി

അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്